# THE BIBLE TRUTH

**Editor**
**P.K. VARGHESE**

000

**Published by Church of Christ**

**പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം**

**Vol. 28** **November 2014** **No.8**

# എഡിറ്റോറിയൽ

വ്യക്തി സ്വാതന്ത്ര്യം മുമ്പത്തേക്കാളധികം വർദ്ധിച്ചുകൊണ്ടാണിരിക്കുന്നത്. സത്രീകളും പുരുഷന്മാരും പ്രായപൂർത്തിയാകുന്നതോടെ സ്വന്ത വ്യക്തിത്വത്തിന് ആവശ്യമായത് അവർ സ്വയം സ്വീകരിക്കുന്ന പ്രവണതയാണ് കാണപ്പെടുന്നത്. പുരാതനകാലത്ത് അങ്ങനെയായിരുന്നില്ല. മാതാപിതാക്കന്മാരുടേയും ഗുരുക്കന്മാരുടേയും ആലോചന ചോദിച്ചു മാത്രമെ അവർ ഏതു കാര്യത്തിനും മുന്നിട്ടിറങ്ങിയിരുന്നുള്ളു. അതെല്ലാം മാറിയിരിക്കുന്നു. സംസ്ക്കാരമാണോ, ഓരോരുത്തരും സ്വതന്ത്രരാകുവാൻ താൽപര്യപ്പെടുന്നതാണോ കാരണം എന്നു വ്യക്തമായി പറയുക പ്രയാസമാണ്. എങ്ങനെയായാലും ഓരോരുത്തർ തിരഞ്ഞെടുക്കുന്നതാണല്ലൊ പ്രവൃത്തികൾ. അവരുടെ ചിന്തയും അറിവും അനുസരിച്ച് കാര്യങ്ങളെ വിവേചിച്ച് തീർപ്പാക്കുകയാണ്. പലപ്പോഴും ആളുകൾ അബദ്ധത്തിൽ ചാടിയശേഷമാണ് എന്തു ചെയ്യണം എന്നാലോചിക്കുന്നത്. നേരെ മറിച്ച് അവർ അത് ചെയ്യുന്നതിനു മുൻപാണ് ആലോചിക്കേണ്ടത് എന്നത് പ്രാധാന്യമർഹിക്കുന്ന കാര്യമാണ്.

വ്യക്തികൾ നന്നായാൽ മാത്രമെ നല്ല സമൂഹം ഉണ്ടാവുകയുള്ളു.നല്ല വ്യക്തികളെയും മോശമായ വ്യക്തികളെയും വേർതിരിക്കുന്നത് തന്നെ വ്യത്യസ്തമായ മാനദണ്ഡങ്ങളുടെ പേരിലാണ്. തിരുവെഴുത്തിന്റെ അടിസ്ഥാനത്തിൽ മാത്രമെ നമുക്ക് സ്ത്രീപുരുഷന്മാരെ വിലയിരുത്തുവാൻ കഴിയു. കാരണം വചനമാണ് മനുഷ്യജീവിതത്തിന് സൃഷ്ടികർത്താവ് നൽകിയിരിക്കുന്നത്. വചനം സത്യവും വചനത്തിനപ്പുറം അസത്യവുമായി നമുക്ക് തരംതിരിക്കാം. കാരണം ദൈവത്തിൽനിന്നുള്ളതെല്ലാം സത്യവും അവനിൽനിന്നു പുറപ്പെടാത്തതെന്തും അസ

ത്യമായി നമുക്ക് ചിന്തിക്കാവുന്നതാണ്. ദൈവത്തിനു പ്രഥമസ്ഥാനം കൊടുക്കുന്നവർ ജീവിക്കുന്നത് ദൈവേഷ്ടപ്രകാരം ആയിരിക്കും. ദൈവഹിതം വെളിപ്പെടുത്തിയിരിക്കുന്നത് തിരുവചനത്തിലാണ്. കർത്താവിന്റെ അരുളപ്പാടുകളിൽ വിശ്വസിക്കുന്നവർ ദൈവത്തിൽ വിശ്വസിക്കുന്നവരാണ്. ഭാഗികമായി വിശ്വസിക്കുന്നവരും ഭാഗികമായി അവിശ്വസിക്കുന്നവരും ഉണ്ട് എന്നു പറയുന്നതായിരിക്കും പരമാർത്ഥം. സകല മനുഷ്യരുടേയും ജീവിതം നന്നായി വരുവാനാണ് ദൈവം ആഗ്രഹിക്കുന്നത്. നീതിയും ന്യായവും ഭൂമിയിൽ വസിക്കുന്ന ഏതൊരു മനുഷ്യരിലും കാണുവാൻ ദൈവം പ്രതീക്ഷിക്കുന്നു.

എത്ര കാലം ഭൂമിയിൽ ജീവിക്കുന്നു എന്നതല്ല മുഖ്യം, മറിച്ച് എങ്ങനെ ജീവിക്കുന്നു എന്നതാണ്. ദൈവത്തോടും മനുഷ്യരോടുമുള്ള ബന്ധം ശരിയാകണമെങ്കിൽ നമ്മിൽ വിശ്വസ്തത കാണണം. കാണപ്പെടുന്ന മനുഷ്യരെ വിശ്വസിക്കുവാൻ കഴിയാത്ത ഒരാൾക്ക് കാണപ്പെടാത്ത ദൈവത്തെ എങ്ങനെ വിശ്വസിക്കുവാൻ കഴിയും? ദൈവം ആത്മാവാണ്, ആകയാൽ അദൃശ്യനാണ്. ദൈവത്തിലുള്ള ആശ്രയം എല്ലാ മനുഷ്യർക്കും അനിവാര്യമാണ്. കാരണം ദൈവത്തിൽ വിശ്വസിക്കാതെ നമുക്ക് ദൈവത്തെ പ്രസാദിപ്പിക്കുവാൻ സാധ്യമല്ല. പഴയ നിയമത്തിലും പുതിയനിയമത്തിലും ദൈവത്തിന്റെ വാഗ്ദാനങ്ങളും കൽപനകളും വെളിപ്പെടുത്തിയിട്ടുണ്ട്. പക്ഷെ ഇന്നു നാം പുതിയ നിയമമാണ് വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്യേണ്ടത്. ഇന്നു നിലനിൽക്കുന്ന നിയമം പുതിയ നിയമമാണ്.

ഏതു രാജ്യത്തുള്ള വ്യക്തിയായാലും ഏതു ഭാഷ സംസാരിക്കുന്ന ആളായാലും ഇന്ന് ആത്മിയമായി അനുസരിക്കേണ്ട നിയമം പുതിയനിയമമാണ് കാരണം യേശുക്രിസ്തുവിനാണ് സ്വർഗത്തിലും ഭൂമിയിലും സകല അധികാരവും ഉള്ളത്. അതുകൊണ്ട് ഈ കാലത്തിൽ നാം ക്രിസ്തുവിന്റെ കൽപനകളിൽ വിശ്വാസം അർപ്പിക്കുകയും പാപങ്ങളെ ഉപേക്ഷിച്ച് ക്രിസ്തുവിൽ പുതിയ ജീവിതം ആരംഭിക്കുവാനായി അവൻ ദൈവപുത്രനാണെന്ന് ഹൃദയപൂർവ്വം ഏറ്റു പറഞ്ഞ് പാപമോചനത്തിനായി പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനമേൽക്കുകയും ചെയ്യുമ്പോൾ അവൻ നിങ്ങളെ രക്ഷിച്ച് അവന്റെ സഭയോട് ചേർക്കും. തുടർന്ന് നിങ്ങൾ കർത്താവിന്റെ സഭയിൽ മരണത്തോളം വിശ്വസ്തരായി ജീവിച്ചാൽ നിത്യജീവൻ നൽകും. ദൈവഹിതപ്രകാരമുള്ള ജീവിതം നയിക്കുവാൻ നിങ്ങൾ തീരുമാനിക്കുക.

✶

# സഭയുടെ അർത്ഥം

## *J.C.* ചോട്ട്

ബൈബിൾ സഭയെ കുറിച്ച് സംസാരിക്കുന്നുണ്ട് എന്ന കാര്യം ആരും നിഷേധിക്കുകയില്ല. എന്നാൽ ആരുടെ സഭ? ഏതു സഭ? എന്നീ ചോദ്യങ്ങൾക്കെല്ലാം നമുക്ക് ഉത്തരങ്ങൾ കണ്ടെത്താം. എന്നാൽ ഈ ലേഖനത്തിൽ നാം കാണുവാൻ പോകുന്നത് സഭ എന്നാൽ എന്താണ് എന്നത്രെ. അത് മനസിലാക്കുന്നതിനു മുൻപ് സഭ എന്തല്ല എന്ന് നോക്കാം. ബൈബിളിലെ സഭ കത്തോലിക്കാ സഭ അല്ല, അത് പെന്തെകൊസ്തുസഭ അല്ല, യെഹൂദ സഭയുമല്ല. അത് നാമധേയ വിഭാഗമല്ല, അന്തർദേശീയ വിഭാഗമോ, ഒരു സമുദായമോ അല്ല. രാഷ്ട്രീയ സംഘടനയോ, സാമൂഹ്യ സംഘടനയോ, ഭൗതികമായി കൂടി വരുന്ന കെട്ടിടമോ അല്ല. ഇവ ഒന്നുമല്ലെങ്കിൽ പിന്നെ സഭ എന്താണ്? മറ്റേതൊരു വിഷയത്തെയും പോലെ ഈ വിഷയത്തിലും നമുക്ക് ദൈവത്തിന്റെ പരിജ്ഞാനമാണ് പരിശോധിക്കുവാനുള്ളത്.

ബഹുഭൂരിപക്ഷം ആളുകളും സഭ എന്താണെന്ന് മനസിലാക്കിയിട്ടില്ല. ലോകത്തുള്ള നാമധേയവിഭാഗങ്ങളാണ് സഭ എന്ന് തെറ്റിദ്ധരിച്ചിരിക്കുന്നവരുണ്ട്. അതുകൊണ്ട് ആളുകൾക്ക് സഭയുടെ പ്രാധാന്യമോ, ഉദ്ദേശമോ, പ്രവൃത്തിയോ അറിയുകയില്ല. പക്ഷെ തിരുവെഴുത്ത് വ്യക്തമായി അവ നമ്മെ ബോധ്യമാക്കുന്നുണ്ട്. ആളുകൾ ബൈബിൾ വായിച്ച് സത്യം മനസിലാക്കുകയാണ് വേണ്ടത്. എക്ലേസിയ എന്ന ഗ്രീക്ക് വാക്ക് തർജിമ ചെയ്തതാണ് സഭ. അർത്ഥം "വിളിക്കപ്പെട്ടവരുടെ കൂട്ടം" എന്നാണ്, അതായത് ദൈവത്താൽ വിളിക്കപ്പെട്ടവർ, അങ്ങനെ പറയുമ്പോൾ ദൈവം നേരിട്ട് വിളിക്കും എന്നു ധരിക്കരുത്. സുവിശേഷത്താലാണ് ദൈവം പാപികളെ രക്ഷക്ക് വിളിക്കുന്നത്. ലോകത്തുള്ള ആളുകളെ വിളിച്ച് വേർതിരിച്ച് ദൈവപുത്രനായി ക്രിസ്തുവിന്റെ രാജ്യത്തിലാക്കുകയാണ് ദൈവം ചെയ്യുന്നത് (കൊലൊസ്സ്യർ 1:13).

അത് ക്രിസ്തുവിന്റെ ആത്മീയ ശരീരമാണ് (1 കൊരിന്ത്യർ 12:27). അത് ക്രിസ്തുവിനെ അനുസരിച്ചവരുടെ സംഘമാണ് (എബ്രായർ 5:8, 9). യേശു തന്നെ അനുസരിക്കുന്നവരുടെ രക്ഷകനാണ്. ഒരർത്ഥ

ത്തിൽ അവൻ ലോക രക്ഷിതാവുമാണ്. അതുകൊണ്ട് അവൻ ലോകത്തുള്ളവരായവരെ തന്റെ അടുക്കൽ വരുമ്പോൾ, അവരെ രക്ഷിച്ച് തന്റെ സഭയോട് ചേർക്കുന്നു. ലോകസ്ഥാപനത്തിന് അടിസ്ഥാനമിടുന്നതിനുമുൻപ് തന്നെ ദൈവം തയ്യാറാക്കിയ പദ്ധതിയാണ് ഇത്. കാരണം മനുഷ്യരെ സൃഷ്ടിക്കുമ്പോൾ അവർ പാപം ചെയ്യുമെന്ന് തന്റെ മുന്നറിവിനാൽ അവന് അറിയാമായിരുന്നു. മനുഷ്യർ പാപം ചെയ്തു നശിച്ചുപോകണമെന്ന് ദൈവം ആഗ്രഹിച്ചില്ല. അവന്നു മനുഷ്യരോടുള്ള സ്നേഹം വളരെ ഉന്നതമായ ഒന്നാണ്. ക്രിസ്തുവിനെ വാസ്തവത്തിൽ അനുഗമിക്കുന്നവരാണ് സഭ. മറ്റൊരു വിധത്തിൽ പറഞ്ഞാൽ യേശുവിന്റെ ശിഷ്യന്മാരാകുക എന്നാണ്.

ബൈബിളിൽ സഭയെ ഉപയോഗിച്ചിരിക്കുന്നത് രണ്ട് അർത്ഥത്തിലാണ്. ഒന്ന്, സഭ സാർവ്വദേശിയമായി ഉള്ളതാണെന്ന അർത്ഥത്തിൽ ഉപയോഗിച്ചിരിക്കുന്നു. “നീ പത്രൊസ് ആകുന്നു ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും; പാതാള ഗോപുരങ്ങൾ അതിനെ ജയിക്കയില്ല” എന്ന് കർത്താവ് ശിഷ്യന്മാരോട് പറഞ്ഞപ്പോൾ അതായിരുന്നു ക്രിസ്തുവിന്റെ മനസിൽ ഉണ്ടായിരുന്നത് (മത്തായി. 16:18). ഈ അർത്ഥത്തിൽ സഭയെ ധാരാളം വാക്യങ്ങളിൽ ഉപയോഗിച്ചിട്ടുണ്ട്. അതായത് ലോകത്തിൽ എവിടെയായാലും, കർത്താവിന്റെ സഭയായി തീർന്നിട്ടുണ്ടെങ്കിൽ അത് ബൈബിൾ സഭയായിരിക്കും എന്നു നിസംശയം പറയാം. രണ്ട്, അത് ഓരോ പ്രദേശത്തുമുള്ള സഭ എന്ന അർത്ഥത്തിലും പറഞ്ഞിട്ടുണ്ട്. ഓരോ പ്രദേശങ്ങളിലുമുള്ള ഇടവകകളെ എല്ലാം ചേർത്തുകൊണ്ട് അപ്പൊസ്തലനായിരിന്ന പൗലൊസ് പറഞ്ഞു, “ക്രിസ്തുവിന്റെ സകല സഭകളും നിങ്ങളെ വന്ദനം ചെയ്യുന്നു” (റോമർ 16:16). അപ്പൊസ്തലൻ പറഞ്ഞത് ലോകത്തുള്ള നാമധേയ വിഭാഗങ്ങളെയല്ല, മറിച്ച് കർത്താവിന്റെ സഭകളുടെ ഇടവകകളെ ചേർത്തു മാത്രമാണ് പറഞ്ഞത്.

കൂടാതെ തിരുവെഴുത്തിൽ പറയുന്നത്, കൊരിന്ത്യാ സഭ, എഫെസൊസ് സഭ, ഫിലിപ്പിയ സഭ എന്നിങ്ങനെയാണ് (1 കൊരിന്ത്യർ 1:2; എഫെ. 1:1; ഫിലിപ്പിയർ 1:1). ഇവയെല്ലാം ആളുകൾക്ക് തെറ്റിദ്ധാരണയുണ്ടാകുവാൻ കാരണം ആളുകളുടെ ചിന്തയിൽ സഭ എന്നു കേൾക്കുമ്പോൾ അവരുടെ മനസിലേക്ക് വരുന്നത് നാമധേയ വിഭാഗമാണ്. പക്ഷെ ഒരൊറ്റ നാമധേയവിഭാഗവും നിങ്ങൾക്ക് ബൈബി

ളിൽ കാണുവാൻ സാധ്യമല്ല. ബൈബിളിൽ സഭ ആരംഭിച്ച ശേഷം പറഞ്ഞിരിക്കുന്ന അനേക ഇടവകകളുണ്ട്. അവയെല്ലാം ഓരോ പ്രദേശത്തുള്ള കർത്താവിന്റെ സഭയുടെ ഇടവകകളാണ് എന്നു നിസംശയം പറയാം. കാരണം പുതിയനിയമ കാലയളവിൽ ഒരു നാമധേയവിഭാഗവുമില്ലായിരുന്നു എന്നതാണ് വാസ്തവം. ഇന്ന് അറിയപ്പെടുന്ന ഓരോ വിഭാഗവും ഓരോ കാലയളവിൽ വിഭജിക്കപ്പെട്ടതാണ്. ഭിന്നത ദൈവം വെറുക്കുന്ന ഒന്നാണ്. ഏതൊരാൾക്കും നിഷ്പ്പക്ഷമായി ബൈബിളിലെ പുതിയ നിയമം വായിച്ചാൽ ആർക്കും കാണാവുന്നതാണ് കർത്താവിന്റെ സഭ. കൂടുതലായി സഭയെ തിരിച്ചറിയുവാൻ പുതിയനിയമത്തിലേക്ക് തിരിയണം. എങ്കിൽ മാത്രമെ സഭയെ കുറിച്ചുള്ള സത്യം ലഭിക്കുകയുള്ളു. ബൈബിൾ പറയുന്നതാണ് ആധികാരികമായുള്ളത്.

സഭയെ ക്രിസ്തുവിന്റെ ശരീരം എന്നു വിളിച്ചിരിക്കുന്നു. അത് ക്രിസ്തുവിന്റെ ആത്മിയ ശരീരമാണ്. ക്രിസ്തുവിന് ഏക ശരീരമാണ് ഉള്ളത് (എഫെസ്യർ 4:4). ആ ഏകശരീരം എന്നു പറയുന്നത് സഭയാണ് (കൊലൊസ്യർ 1:18). ക്രിസ്തു ആണ് സഭയുടെ തല. ക്രിസ്തുവിന്റെ ഉപദേശമാണ് സഭ അനുസരിക്കേണ്ടത് എന്നു സ്പഷ്ടം.

ദൈവത്തിന്റെ ഭവനം. ഭവനം ബൈബിളിൽ ഒരു കുടുംബമായിട്ടാണ് പറയുന്നത്. അപ്പോൾ സഭ ദൈവത്തിന്റെ ആത്മിയ ഭവനമാണ് (1 തിമൊഥെയൊസ് 3:15). ജീവനുള്ള ദൈവത്തിന്റെ ആലയമാണ് സഭ എന്നാണ് പൗലൊസ് പറഞ്ഞിരിക്കുന്നത്. ദൈവം നമ്മുടെ പിതാവും നാം അവന്റെ മക്കളുമാണ് (ഗലാത്യർ 3:26, 27; എഫെസ്യർ 1:3).

ദൈവരാജ്യം. ഒരു രാജ്യമായാൽ രാജാവ് ആവശ്യമാണ്. ആകയാൽ ക്രിസ്തു നമ്മുടെ രാജാവാണ് (വെളിപ്പാട് 17:14). അതുകൊണ്ട് അവൻ ആത്മിയ രാജ്യത്തെ വാഴുകയാണ് (പ്രവൃത്തികൾ 8:12). നാം അവന്റെ പ്രജകളാണ്, ലോകം അവന്റെ പ്രദേശവുമാണ്. പുതിയനിയമമാണ് അവന്റെ നിയമങ്ങൾ. അതാണ് സഭ (മത്തായി 16:18 –19).

കർത്താവിന്റെ തോട്ടം. ക്രിസ്തു മുന്തിരിവള്ളിയും നാം അവനിൽ വസിക്കുന്ന കൊമ്പുകളുമാണ് (യോഹ. 15:1–8). ഇവിടത്തെ

ആശയം തോട്ടത്തിൽ വേല ചെയ്യുന്നത് കർത്താവിന്നു ഫലം പുറപ്പെടുവിക്കുവാനാണ്.

സഭ അങ്ങനെ നിർവ്വചിക്കപ്പെട്ടിരിക്കുന്നു. മുകളിൽ പറഞ്ഞ കാര്യങ്ങളെല്ലാം നിങ്ങൾ തിരുവചനത്തിന്റെ അടിസ്ഥാനത്തിൽ നോക്കി കാണുക. നിങ്ങൾക്കായി ദൈവം ഉദ്ദേശിച്ച സഭ പുതിയനിയമത്തിൽ നിങ്ങൾക്ക് വായിക്കാം. അത് തിരിച്ചറിയുവാനുള്ള നിർദ്ദേശങ്ങൾ തിരുവെഴുത്തുകളിൽ നൽകിയിരിക്കുന്നത് നിങ്ങളെ താഴ്ത്തികളയുവാനല്ല, മറിച്ച് നിങ്ങളെ ഉത്തേജിപ്പിച്ച് എടുക്കുവാനാണ്. മനുഷ്യനിർമ്മിതമായ സഭകൾ ലോകത്തിൽ നിരവധിയുണ്ട് എന്ന കാര്യം മറക്കരുത്. മാനുഷിക ഉപദേശങ്ങളാൽ കെട്ടപ്പെട്ട സഭ ദൈവത്തിന്റേതല്ല എന്നു ഓർക്കുക. മനുഷ്യരിൽനിന്നു കൈമാറിക്കിട്ടിയ പാരമ്പര്യപ്രകാരമുള്ള സഭകളെ ദൈവം അംഗീകരിക്കുകയില്ല. പാപങ്ങളിൽനിന്നു പാപികളെ വീണ്ടെടുക്കുവാൻ ദൈവത്തിന്റെ പദ്ധതിക്കു മാത്രമെ കഴിയുകയുള്ളു. ദൈവം കൃപയും കരുണയും മനസലിവുമുള്ളവനാണ്. പക്ഷെ അവന്റെ വചനത്തെ ഭയപ്പെട്ട് അനുസരിക്കുന്നവരെയാണ് അവൻ സ്നേഹിക്കുന്നതും സ്വീകരിക്കുന്നതും.

ക്രിസ്തു തന്റെ സ്വന്ത ജീവനും രക്തവും കൊടുത്തു സമ്പാദിച്ചതാണ് അവന്റെ സഭ. അപ്പോൾ സഭ ക്രിസ്തുവിനുള്ളതാണ്. ദൈവത്തിന്റെ നേരിട്ടുള്ള കൽപനയും പുതിയനിയമകാലത്ത് നിലനിന്ന സഭകളുടെ അപ്പൊസ്തൊലിക മാതൃകയും നമുക്ക് പിൻപറ്റാം. വിശ്വാസത്തിലും, ആരാധനയിലും, പരിശീലനത്തിലും തിരുവെഴുത്തിൻപ്രകാരമാണോ നാം ആയിരിക്കുന്നതെന്ന് വചനത്തിൽ പരിശോധിച്ച് ഉറപ്പു വരുത്തണം. ബഹുജനത്തെ അനുസരിച്ച് നാം ദോഷം ചെയ്യരുത് എന്ന മുന്നറിയിപ്പ് നമുക്ക് ഉണ്ട്. സഭ ഏതായാലെന്താ ക്രിസ്തുവിൽ വിശ്വസിച്ചാൽ പോരെ എന്നു ചോദിക്കുന്നവർ ഉണ്ട്. അവർ ക്രിസ്തുവിന്നു മഹത്വം കൊടുക്കുന്നവരല്ല. കാരണം കർത്താവ് സഭയെ സ്നേഹിച്ച് അവളെ വിശുദ്ധയും നിഷ്ക്കളങ്കയുമാക്കി മാറ്റുവാൻ തന്നെത്താൻ അവൾക്ക് വേണ്ടി ഏൽപിച്ചു കൊടുത്തത് വെറുതെയല്ല. കർത്താവ് വീണ്ടും വരുമ്പോൾ രാജ്യമാകുന്ന സഭ പിതാവിന്നു ഏൽപിച്ചു കൊടുക്കും.

✶

# നിങ്ങൾ ലോകത്തിന്റെ വെളിച്ചം ആകുന്നു

## ക്രിസ്റ്റഫർ ഫ്ളിക്കിഞ്ചർ

ദൈവം മനുഷ്യനായി അവതരിച്ച് മനുഷ്യർക്കിടയിൽ ജീവിച്ചത് വെളിച്ചമായിട്ടായിരുന്നു. അവൻ വെളിച്ചമാകുന്നു എന്നു പറഞ്ഞാൽ അവനിൽ പാപം ഒന്നുമില്ലായിരുന്നു എന്നർത്ഥം. യേശു ശിഷ്യന്മാരെ തിരഞ്ഞെടുത്ത് പരിശീലിപ്പിച്ചത് പാപരഹിതമായി ജീവിക്കുവാനായിരുന്നു. അവർ ക്രിസ്തുവിനോടുകൂടെ ജീവിച്ചാൽ പാപത്തെ ഒഴിവാക്കി ജീവിക്കുവാൻ കഴിയുമെന്ന് ക്രിസ്തു കാണിച്ചു കൊടുത്തു. ലോകം ഇരുട്ടിലാണ്. അതായത് നിയമത്തെ ലംഘിച്ചുകൊണ്ടാണ് ജീവിക്കുന്നത് എന്നർത്ഥം. അതുകൊണ്ട് ലോകത്തിനു വെളിച്ചം ആവശ്യമാണ്. ആളുകൾക്ക് ലോകത്തിൽ യഥാർത്ഥമായി ജീവിക്കുവാൻ കഴിയണമെങ്കിൽ അവർ ക്രിസ്തുവിൽനിന്നു വെളിച്ചം ഉൾക്കൊണ്ട് ജീവിക്കണം. അവനിൽ ഇരുട്ട് ഒട്ടുമില്ല. ഒരു വ്യക്തിക്ക് പൂർണ്ണമായ മാതൃക പിൻപറ്റുവാൻ യേശുവിനെ നോക്കണം. അവനിലാണ് പരിപൂർണ്ണതയുള്ളത്. ലോകത്തിൽനിന്നു വിളിച്ചു വേർതിരിച്ച ശിഷ്യന്മാരെ നോക്കിയാണ് യേശു പറഞ്ഞത് നിങ്ങൾ ലോകത്തിന്റെ വെളിച്ചം ആകുന്നു എന്ന്.

അബ്രാമിനോട് ദൈവം പറഞ്ഞ നാല് പ്രസ്താവനകൾ നമ്മുടെ പരിഗണനക്കായി എടുക്കാം. ഞാൻ നിന്നെ വലിയൊരു ജാതിയാക്കും; നിന്നെ അനുഗ്രഹിച്ച് നിന്റെ പേർ വലുതാക്കും; നീ ഒരു അനുഗ്രഹമായിരിക്കും (ഉൽപത്തി 12:2). പിതാക്കന്മാരുടെ കാലത്ത് ദൈവം അവന് വാഗ്ദാനം ചെയ്തത് നിവർത്തിയാകുന്നത് പുതിയ നിയമ കാലത്താണ്. അബ്രാമിന്റെ വാഗ്ദത്ത സന്തതിയായി ലോകം മുഴുവൻ അനുഗ്രഹമായി തീരുകയാണ്. യേശു ലോകത്തിൽ വന്നപ്പോൾ അവന്റെ ജീവിതം ആളുകൾക്ക് അനുഗ്രഹമായി തീർന്നു. ദൈവാനുഗ്രഹം മനുഷ്യരിലേക്ക് ചൊരിയുന്നത് അവനിൽ വിശ്വസിക്കുമ്പോഴാണ്. യേശുവിന്റെ ഈ ഭൂമിയിലെ ജീവിതം അവസാനം വരെ മനുഷ്യരുടെ നന്മ ഉദ്ദേശിച്ചായിരുന്നു. പിതാവായ ദൈവത്തിന്റെ ഇഷ്ടം പൂർണ്ണമായി നിറവേറ്റിയതിനാൽ അവന് ദൈവത്തിന്റെ പ്രസാദം ലഭിച്ചു.

ഇനി നമുക്ക് യേശു ശിഷ്യനായി തിരഞ്ഞെടുത്ത പത്രോസിനെ നോക്കാം. കാര്യമായ വിദ്യാഭ്യാസമില്ലാത്ത മീൻപിടിച്ച് ഉപജീവനം നടത്തിയിരുന്ന പത്രോസിനെ മനുഷ്യരെ പിടിക്കുന്നവനാക്കുമെന്ന് പറയുകയും അവൻ അങ്ങനെ ആകുകയും ചെയ്തു. അപ്പൊസ്തലനായി തീർന്ന പത്രോസ് യേശുവിനെ സ്നേഹിച്ചു. അവൻ തന്റെ ധ്യാനത്തിൽ അഭിമാനം കൊള്ളുകയും ചെയ്തിരുന്നു. യേശു ദൈവപുത്രനാണെന്ന് ധൈര്യമായി ഏറ്റുപറഞ്ഞതു പത്രോസ് ആയിരുന്നു. എങ്കിലും അവൻ മൂന്നു പ്രാവശ്യം കർത്താവിനെ തള്ളിപ്പറഞ്ഞു. അത് യേശുവിനെ ക്രൂശിൽ തറെക്കുവാൻ കൊണ്ടുപോകുന്നതിനു മുൻപ് ആയിരുന്നു. എന്നാൽ യേശു അവനെ നോക്കിയപ്പോൾ, അവൻ അതി ദുഃഖത്തോടെ മാനസാന്തരപ്പെട്ടു. പിന്നെ യേശു അവന്നു പ്രത്യക്ഷനായി എത്രത്തോളം അവൻ യേശുവിനെ സ്നേഹിക്കുന്നു എന്നു പരീക്ഷിക്കുകയുണ്ടായി. അവന്റെ സ്നേഹം ആത്മാർത്ഥതയുള്ളതാണെന്ന് അവൻ മൂന്നു പ്രാവശ്യം കർത്താവിനോട് ഏറ്റു പറഞ്ഞു.

അവന്റെ ശിഷ്യന്മാരോട് യേശു പറയുന്ന പ്രസ്താവന ശ്രദ്ധിക്കുക. "നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ എന്റെ കൽപന കാത്തുകൊള്ളും" നമ്മുടെ സംസാരമോ തോന്നലോ മാത്രം പോരാ. നമ്മുടെ വിശ്വാസം ആത്മാർത്ഥതയുള്ളതാകുന്നത് നാം അതിനനുസരിച്ച് പ്രവർത്തിക്കുമ്പോഴാണ്. ദൈവത്തിന് പ്രസാദകരമായ ജീവിതമാണ് ഓരോരുത്തരും നയിക്കേണ്ടത്. അല്ലാതെ വെറും അധരസേവയാകരുത് എന്നർത്ഥം. എബ്രായലേഖകൻ ദൈവശ്വാസിയമായി അരുളിച്ചെയ്തു, "അതുകൊണ്ട് അവൻ മുഖാന്തരം നാം ദൈവത്തിന്ന് അവന്റെ നാമത്തെ ഏറ്റു പറയുന്ന അധരഫലം എന്ന സ്തോത്രയാഗം ഇടവിടാതെ അർപ്പിക്കുക. നന്മ ചെയ്‌വാനും കൂട്ടായ്മ കാണിപ്പാനും മറക്കരുത്" (എബ്രായർ 13:15, 16). ഓരോ ക്രിസ്ത്യാനിയും മറ്റുള്ളവരെ സേവിക്കേണ്ടവരാണ് എന്ന കാര്യം നാം ഒരിക്കലും മറക്കരുത്. ക്രിസ്തുവിന്റെ ദൗത്യം അവന്നു വേണ്ടി നിർവ്വഹിക്കേണ്ടത് അവന്റെ ശിഷ്യന്മാരാണ്. കാരണം നാം അവസാനം കണക്കു കൊടുക്കേണ്ടവരാണ്.

കർത്താവിന്റെ ശിഷ്യന്മാരെല്ലാവരും ഒന്നാം നൂറ്റാണ്ടിൽ ലോകത്തിൽ എല്ലാ സ്ഥലങ്ങളിലും പോയി സുവിശേഷം അറിയിക്കുമാ

യിരുന്നു. അങ്ങനെയാണ് ലോകത്തിലുള്ളവർക്ക് വെളിച്ചമായി തീരുന്നത്. സ്വന്തരക്ഷ മാത്രം നോക്കിയാൽ പോരാ. ക്രിസ്തുവിൽ ആയി തീർന്നവരുടെ ഉത്തരവാദിത്തമാണ് വെളിച്ചം പകർന്നു നൽകുക എന്നത്. ലോകത്തുള്ളവർക്ക് രക്ഷ എന്നാൽ എന്തെന്നോ അതെങ്ങനെ ലഭിക്കുമെന്നോ അറിയില്ല. പാപത്തിൽനിന്നു മോചനം പ്രാപിച്ചാൽ മാത്രമെ പാപികൾക്ക് സ്വാതന്ത്ര്യം ലഭിക്കുന്നുള്ളു. പാപം ചെയ്യുന്നവൻ എല്ലാം പാപത്തിന് അടിമയാകുന്നു. സത്യമാണ് ആളുകളെ അതിൽനിന്നു മോചനത്തിനു സഹായിക്കുന്നത്. യേശുക്രിസ്തു ഈ ഭൂമിയിൽ ആയിരുന്നപ്പോൾ അവന്റെ ലക്ഷ്യം ആളുകളുടെ പാപമോചനം ആയിരുന്നു. വിശുദ്ധീകരിക്കപ്പെട്ട ഹൃദയത്തിൽ വസിപ്പാനാണ് ക്രിസ്തു ആഗ്രഹിക്കുന്നത്. നമുക്ക് ഓരോരുത്തർക്കും ക്രിസ്തുവിൽനിന്നു ലഭിക്കുന്ന പരിജ്ഞാനത്താലാണ് ഹൃദയ ശുദ്ധീകരണം ലഭിക്കുന്നത്.

ക്രിസ്തു ഉയർത്തെഴുന്നേറ്റ ശേഷം സ്വർഗത്തിൽ പിതാവിന്റെ വലത്തുഭാഗത്തിരുന്ന് സദാ പക്ഷവാദം ചെയ്തുകൊണ്ടിരിക്കുകയാണ്. യേശു പറഞ്ഞു, "നിങ്ങളിൽ മഹാൻ ആകുവാൻ ഇച്ഛിക്കുന്നവനെല്ലാം നിങ്ങളുടെ ശുശ്രൂഷക്കാരൻ ആകേണം. നിങ്ങളിൽ ഒന്നാമൻ ആകുവാൻ ഇച്ഛിക്കുന്നവനെല്ലാം നിങ്ങളുടെ ദാസൻ ആകേണം. മനുഷ്യപുത്രൻ ശുശ്രൂഷ ചെയ്യിപ്പാനല്ല, ശുശ്രൂഷിപ്പാനും അനേകർക്കു വേണ്ടി തന്റെ ജീവനെ മറുവിലയായി കൊടുപ്പാനും വന്നതുപോലെ തന്നെ എന്നു പറഞ്ഞു" (മത്തായി 20:26–28). കൂടാതെ വാങ്ങുന്നതിനേക്കാൾ കൊടുക്കുന്നതാണ് ഭാഗ്യം എന്നും കർത്താവ് അരുളിച്ചെയ്തിരിക്കുന്നു (മത്തായി 20:35). അബ്രാം അനുഗ്രഹമായി തീരും എന്നു ദൈവം വാഗ്ദാനം ചെയ്തപ്പോൾ അനുഗ്രഹം ദൈവത്തിൽനിന്നാണ് വരുന്നതെന്നു നമുക്ക് അറിയാം. അതേസമയം അബ്രാം എങ്ങനെ ആണ് അനുഗ്രഹമായി തീരുന്നത് എന്നു നാം മനസിലാക്കണം. അബ്രാം ദൈവസന്നിധിയിൽ വിശ്വാസത്താൽ നീതിമാനായി തീർന്നു.

അബ്രാമിന്റെ വിശ്വാസം ഉള്ളവർ തീർച്ചയായും അനുഗ്രഹിക്കപ്പെടും. അബ്രാം ആളുകൾക്ക് കാണത്തക്കവണ്ണം അനുഗ്രഹം അനുഭവിക്കുന്നവനായി. അനുകരിക്കുവാൻ പര്യാപ്തമായി വിശ്വാസമായിരുന്നു അബ്രാമിന്റേത്. അവനെ അനുകരിച്ച് ദൈവത്തെ അനു

സരിക്കുന്നവർക്ക് ദൈവം അനുഗ്രഹം നൽകുമ്പോൾ അബ്രാമും അനുഗ്രഹിക്കപ്പെടുന്നു. അതായത് ദൈവം നമ്മെ അനുഗ്രഹിക്കുമ്പോൾ അത് മറ്റുള്ളവർക്ക് പ്രചോദനമായി തീരുന്നു എന്നർത്ഥം. അങ്ങനെ ക്രിസ്തുവിനെ അവന്റെ കൽപനപ്രകാരം അനുകരിക്കുന്നവർ തീർച്ചയായും അനുഗ്രഹീതരാകും. നമ്മുടെ ആത്മീയ മാതൃക മറ്റുള്ളവർക്ക് അനുഗ്രഹമായി തീരും എന്നത് സ്പഷ്ടമാണ്. അപ്പൊസ്തലന്മാരെല്ലാവരും പ്രാരംഭ ക്രിസ്ത്യാനികൾക്ക് പ്രചോദനമായി തീരുകയും ഒന്നാം നൂറ്റാണ്ടിലെ ക്രിസ്ത്യാനികൾ അവർക്ക് ചുറ്റുമുള്ള സമൂഹത്തിന് അനുഗ്രഹമായി തീരുകയും ചെയ്തു. നീതിയും ന്യായവുമില്ലാതെ ജീവിക്കുന്ന സമൂഹത്തിനു നേർവഴി കാണിച്ചു കൊടുക്കുന്നത് ക്രിസ്ത്യാനികളാണ്. അവർ വാസ്തവത്തിൽ പാപത്തെ വെറുക്കുന്നവരാണ്. ദൈവത്തെ സ്നേഹിക്കുന്നവരുമാണ്. ദൈവിക ഗുണങ്ങളാണ് നമ്മെ അനുഗ്രഹീതരാക്കുന്നത്.

ഓരോരുത്തന്നു ദൈവത്തിൽനിന്നാണ് വരം ലഭിച്ചിരിക്കുന്നത്. ദൈവകൃപക്കൊത്തവണ്ണമാണ് എല്ലാവരും പ്രവർത്തിക്കേണ്ടത്. നല്ല ഗൃഹവിചാരകന്മാരായിട്ടാണ് നാം അന്യോന്യം സേവിക്കേണ്ടത്" (1 പത്രൊസ് 4:10). നമുക്ക് എങ്ങനെ മറ്റുള്ളവർ നമ്മളാൽ അനുഗ്രഹിക്കപ്പെടുമാറാക്കുവാൻ കഴിയും? നമ്മുടെ സംസാരവും പ്രവൃത്തിയുമാണ് ആളുകൾ ശ്രദ്ധിക്കുന്നത്. കൃപയോടുകൂടിയതും ഉപ്പിനാൽ രുചി വരുത്തുന്നതും, മറ്റുള്ളവർക്ക് ഉപകാരപ്രദവുമായ സംഭാഷണമാണ് നാം നടത്തേണ്ടത്. പ്രവൃത്തികൾ തീർച്ചയായും ഗുണകരമായിരിക്കണം. ആർക്കും ദോഷം ഭവിക്കുന്ന പ്രവൃത്തികൾ ക്രിസ്ത്യാനിയിൽനിന്നും ഉണ്ടാകരുത്. കൃപാവരങ്ങളെ കുറിച്ച് അപ്പൊസ്തലനായ പൗലൊസ് പറയുന്നു,"ആകയാൽ നമുക്ക് ലഭിച്ച കൃപെക്ക് ഒത്തവണ്ണം വെവ്വേറെ വരം ഉള്ളതുകൊണ്ട് വിശ്വാസത്തിന് ഒത്തവണ്ണം അത്രെ ശുശ്രൂഷിക്കേണ്ടത്" (റോമർ 12:6-8).

നിങ്ങൾക്കും എനിക്കും മറ്റുള്ളവരെ സേവിച്ച് എങ്ങനെ അവർക്ക് അനുഗ്രഹമായി തീരുവാൻ കഴിയും? നാം ജീവിക്കുന്ന സമൂഹത്തിൽ ഒരു രോഗിയായ ഒരാളെ ശുശ്രൂഷിക്കുവാനുള്ള അവസരം ലഭിക്കുമ്പോൾ, ആ രോഗിക്ക് ലഭിക്കുന്ന ശുശ്രൂഷ അനുഗ്രഹമാണ്. നാം അവർക്ക് അനുഗ്രഹമായി തീരുകയാണ്. ഏതെങ്കിലും ഒരു ഭവനം ദാരിദ്ര്യത്തിലാണെന്ന് വിചാരിക്കുക. അവർക്ക് ആവ

ശ്യമുള്ള സഹായം നാം എത്തിക്കുമ്പോൾ അവർക്ക് അത് അനുഗ്രഹമാണ്. ഇത്തരത്തിൽ നമ്മുടെ സേവനം ആർക്ക് ആവശ്യമായി വരുന്നുവോ അവർക്ക് ചെയ്യുമ്പോൾ ആ വ്യക്തിക്ക് നാം അനുഗ്രഹമായി തീരുന്നു. മനുഷ്യർ ജീവനോടെ ഇരിക്കുമ്പോൾ അവർക്ക് മനുഷ്യരാലുള്ള സേവനം ആവശ്യമാണ്. പ്രത്യേകിച്ച് ക്രിസ്ത്യാനികൾ തങ്ങൾക്കുള്ളവരല്ല. അവർ യേശുക്രിസ്തുവിന്റെ മാതൃകയനുസരിച്ച് മറ്റുള്ളവർക്ക് വേണ്ടി ത്യാഗം അനുഷ്ഠിക്കണം. പണം നൽകുന്നതു മാത്രമല്ല സേവനം, ശാരീരികമായ ശുശ്രൂഷയും അനിവാര്യമാണ്. ഓരോരുത്തർക്ക് ഓരോ വിധത്തിലായിരിക്കും സഹായം ആവശ്യമായി വരുന്നത്. അത് തിരിച്ചറിഞ്ഞ് പ്രവർത്തിക്കണം.

ശിഷ്യന്മാരോട് യേശു പറഞ്ഞു, “നിങ്ങൾ ലോകത്തിന്റെ വെളിച്ചം ആകുന്നു. മലമേൽ ഇരിക്കുന്ന പട്ടണം മറഞ്ഞിരിപ്പാൻ പാടില്ല. വിളക്ക് കത്തിച്ച് പറയിൻ കീഴല്ല തണ്ടിന്മേലത്രെ വെക്കുന്നത്; അപ്പോൾ അത് വീട്ടിലുള്ള എല്ലാവർക്കും പ്രകാശിക്കുന്നു. അങ്ങനെ തന്നെ മനുഷ്യർ നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ട് സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന്ന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ” (മത്തായി 5:14–16). നമുക്ക് ആർക്കും അത്ഭുതങ്ങൾ ചെയ്യുവാനോ, എല്ലാ രോഗികളെയും ശുശ്രൂഷിപ്പാനോ, വിശക്കുന്ന എല്ലാവർക്കും ആഹാരം കൊടുപ്പാനോ കഴിയുകയില്ല. എന്നാൽ നമുക്ക് ചെയ്യുവാൻ കഴിയുന്ന പല കാര്യങ്ങളുണ്ട്. ഭാരം വഹിച്ച് തളരുന്ന ഏതൊരു വ്യക്തിയുടേയും ഭാരം അൽപം ഒന്നു കുറക്കുവാൻ ഒരു താങ്ങ് കൊടുപ്പാൻ നമുക്ക് കഴിയും.

അബ്രാമിന്നു ദൈവം ധാരാളം അനുഗ്രഹങ്ങൾ നൽകി. അബ്രാം ആ നന്മകൾ മറ്റുള്ളവർക്ക് പങ്കിട്ടു. അങ്ങനെയാണ് അബ്രാം അനുഗ്രഹമായി തീർന്നത്. ദൈവമക്കളായി തീർന്നവർക്ക് ദൈവം എല്ലാ അനുഗ്രഹങ്ങളും നൽകുന്നു. പകരം ദൈവമക്കൾ തങ്ങളുടെ ചുറ്റുമുള്ളവർക്ക് അനുഗ്രഹമായി തീരുന്നത് തങ്ങൾക്കുള്ളത് പങ്കിട്ടുകൊണ്ടാണ്. നിങ്ങൾക്കും എനിക്കും ഈ ലോകജീവിതത്തിൽ ചെയ്യുവാൻ കഴിയുന്നതു മാത്രമാണ് കർത്താവ് കൽപിച്ചിട്ടുള്ളത്. വളരെ ലഭിച്ചവനോട് വളരെ ആവശ്യപ്പെടും (ലൂക്കൊ. 12:48).

✶

# ക്രിസ്തുവിന്റെ സഭ എന്തുകൊണ്ട് ആരാധനയിൽ ഉപകരണസംഗീതം ഉപയോഗിക്കുന്നില്ല?

ടോം ഹോളണ്ട്

ഉപകരണസംഗീതം പലപ്പോഴും ചർച്ച ചെയ്തിട്ടുള്ള വിഷയമാണ്. കർത്താവിന്റെ സഭ കർത്താവിന്നു കീഴ്പ്പെട്ടാണിരിക്കുന്നത്. നാമധേയവിഭാഗങ്ങൾക്ക് അത് പ്രശ്നമേയല്ല. പക്ഷെ ക്രിസ്തുവിന്റെ വിഭാഗങ്ങളിൽനിന്നു വ്യത്യസ്തമാണ്. ക്രിസ്തുവിന്റെ സഭ എന്തുകൊണ്ടാണ് ആരാധനയിൽ ഉപകരണസംഗീതം ഉപയോഗിക്കുന്നില്ല എന്നതിന് ലളിതമായ ഉത്തരമാണ് നൽകുവാനുള്ളത്:കർത്താവായ യേശുവിനെ സഭയുടെ തലയായി ബഹുമാനത്തോടെ അനുസരിക്കുന്നു. പിതാവായ ദൈവമാണ് തന്റെ പുത്രനെ സകല നാമത്തിലും മേലായ നാമം നൽകി ഉയർത്തിയിരിക്കുന്നത് (എഫെ. 1:18-22). ഈ ലോകത്തുള്ള സകലത്തിനും മുമ്പുള്ളവനും സകലത്തെയും സൃഷ്ടിച്ചവനും ആണ് കർത്താവായ യേശു (കൊലൊസ്യർ 1:15 -17). സഭ അവന്റെ മണവാട്ടിയാണ്. മണവാട്ടി മണവാളനു കീഴ്പ്പെട്ടിരിക്കണം. ചുരുക്കി പറഞ്ഞാൽ സഭ അനുസരിക്കേണ്ടത് ക്രിസ്തുവിന്റെ കൽപനകളാണ് എന്നർത്ഥം.

ക്രിസ്തു ഇപ്പോൾ സ്വർഗത്തിൽ പിതാവിന്റെ വലത്തുഭാഗത്ത് ഇരുന്നു വാഴുകയാണ്. അവന്റെ വാഴ്ച്ചയുടെ നിയമം പുതിയനിയമമാണ്, അവൻ പുതിയ നിയമത്തിന്റെ മദ്ധ്യസ്ഥനും സ്ഥാപകനുമാണ് (എബ്രായർ 9:15). മഹത്തായ രക്ഷ മനുഷ്യർക്കായി ഒരുക്കിയത് യേശുവാണ്. ദൈവത്തേയും ദൈവേഷ്ടത്തേയും വെളിപ്പെടുത്തിയതു കർത്താവാണ്. രക്ഷിക്കപ്പെട്ടവർ എങ്ങനെ ജീവിക്കണമെന്ന് അരുളിച്ചെയ്തതും ക്രിസ്തുവാണ്. ഒരിക്കൽ നാം ക്രിസ്തുവിലായാൽ പിന്നെ നാം അവനുള്ളവരാണ്. നമുക്ക് എന്താണ് ഇഷ്ടം എന്നതിനേക്കാൾ നമ്മുടെ രക്ഷകന് എന്താണ് ഇഷ്ടം എന്നു മനസിലാക്കണം. സ്വർഗസ്ഥനായ പിതാവിന്റെ ഇഷ്ടമനുസരിച്ച് ജീവിക്കുവാൻ മനുഷ്യർക്ക് നൽകിയിരിക്കുന്ന സത്യവചനമാണ് നമ്മുടെ ജീവിതത്തിൽ പാലിക്കേണ്ടത്: വാക്കിലും ക്രിയയിലും.

മനുഷ്യശരീരത്തെ തല നിയന്ത്രിക്കുന്നതുപോലെ, അവന്റെ ആത്മിയശരീരമാകുന്ന സഭയെ ആത്മിയ തലയായ ക്രിസ്തു ആയിരിക്കണം നയിക്കേണ്ടത്. പാട്ട് ദൈവത്തെ സ്തുതിക്കുകയും വാഴ്ത്തുകയും ചെയ്യുന്നതിനാണ്. പുതിയനിയമാരാധനയിൽ പാട്ട് പാടുവാൻ ദൈവം ആവശ്യപ്പെട്ടിരിക്കുന്നു. അതിനു പറഞ്ഞിരിക്കുന്ന മൂലകം മനുഷ്യ ഹൃദയമാണ്. നമ്മുടെ ഹൃദയത്തിൽനിന്നുയരുന്ന പാട്ടുകൾ പാടുവാനാണ് വചനം നിഷ്ക്കർശിച്ചിരിക്കുന്നത് (എഫെസ്യർ 5:19; കൊലൊസ്യർ 3:16). അപ്പോൾ അതിനോട് യാന്ത്രിക ഉപകരണങ്ങൾ നാം കൂട്ടുമ്പോൾ ദൈവകൽപയോട് നാം കൂട്ടുചേർക്കുന്നതായി വരും. വിശുദ്ധവും നിർമ്മലവുമായ കൽപന അങ്ങനെ തന്നെ അനുസരിക്കുക എന്നതാണ് അവനോട് ചേർന്നവരുടെ ധർമ്മം.

ഹൃദയത്തിൽ പാടുവാൻ പറഞ്ഞശേഷം നൽകുന്ന അടുത്ത കൽപന ശ്രദ്ധിക്കുക, "വാക്കിനാലോ ക്രിയയാലോ എന്തു ചെയ്താലും അത് കർത്താവായ യേശുവിന്റെ നാമത്തിൽ ചെയ്വിൻ" (കൊലൊസ്യർ 3:17). അവനുള്ളതാണ് ശക്തിയും ബലവും അധികാരവും മഹത്വവും. അവൻ പരമോന്നതനും ന്യായവിധി നടത്തുന്നവനുമാണ്. ആ ന്യായവിധി തന്റെ വചനപ്രകാരമായിരിക്കുമെന്നും മുന്നറിയിച്ചിരിക്കുകയാണ്. അതുകൊണ്ട് ക്രിസ്തുവിനെ ഭയപ്പെടുന്നവർ അവന്റെ വചനത്തിലില്ലാത്തതു പ്രവർത്തിക്കുയില്ല. ദൈവത്തോടോ ദൈവവചനത്തോടോ തർക്കിക്കുവാനോ വാദിക്കുവാനോ നമുക്ക് അവകാശമില്ല. കാരണം നാം ആരും കർത്താവിനേക്കാൾ വലിയവരല്ലല്ലൊ. എന്നിരുന്നാലും പലരും ന്യായീകരണം നടത്തുന്നത് ഖേദകരമാണ്. ആളുകൾ ആരാധനയിൽ ഉപകരണങ്ങൾ ഉപയോഗിക്കുവാൻ പറയുന്ന ന്യായീകരണം എന്തെല്ലാമെന്ന് നോക്കാം.

പഴയ നിയമത്തിൽ ആളുകൾ ആരാധനയിൽ ഉപകരണങ്ങൾ ഉപയോഗിച്ചു പാടിയിരുന്നല്ലൊ എന്നതാണ് ഒരു ന്യായീകരണം. എന്നാൽ പഴയനിയമകാലത്ത് അവർ മൃഗങ്ങളെ യാഗം അർപ്പിക്കുകയും പൗരോഹിത്യശുശ്രൂഷ അർപ്പിക്കുകയും ചെയ്തിരുന്നുവല്ലൊ. നാം ഇന്ന് ഏതു നിയമത്തിൻ കീഴിലാണ് എന്ന കാര്യം വിസ്മരിക്കരുത്. ക്രിസ്തുവിന്റെ പുതിയ നിയമം പ്രാബല്യത്തിൽ വന്നത് അവന്റെ മരണശേഷമാണ്. ക്രിസ്തുവിന്റെ മരണശേഷം ജീവിച്ചി

രിക്കുന്നവർ അനുസരിക്കേണ്ടത് പുതിയ നിയമമത്രെ. പുതിയ നിയമ സഭ യേശുക്രിസ്തുവിന്റെ ഉപദേശപ്രകാരമാണ് ആരാധിക്കേണ്ട ത്. "ദൈവം ആത്മാവാകുന്നു അവനെ നമസ്ക്കരിക്കുന്നവർ സത്യ ത്തിലും ആത്മാവിലും നമസ്ക്കരിക്കണം" (യോഹന്നാൻ 4:24). വേറൊരു വാദം പറഞ്ഞു കേൾക്കുന്നത് ഉപകരണങ്ങൾ പാട്ടിനെ സഹായിക്കുകയാണ് എന്നതാണ്. പാട്ട് പാടുമ്പോൾ നാം മൈക്കും പാട്ടുപുസ്തകവും ഉപയോഗിക്കുന്നതുപോലെയാണ് എന്നാണ് വാദം. പാട്ടിനു യാന്ത്രിക താളവും മേളവും കൂട്ടുന്നതാണ് അല്ലാതെ അത് ഒരു സഹായി അല്ല എന്ന കാര്യം ഓർക്കുക.

ഗ്രീക്ക് വാക്ക് സാലോ എടുത്ത് സന്ദർഭം കമ്പി മീട്ടുന്നതാണെന്ന് വാദിക്കുന്നവരുടെ ശ്രദ്ധക്ക്, പരിശുദ്ധാത്മാവ് ദൈവശ്വാസിയമായ വചനത്തിൽ വെളിപ്പെടുത്തിയിരിക്കുന്ന മൂലകം ഹൃദയമാണ്. നാം പാട്ടുപാടുന്നത് ഹൃദയംഗമമായിരിക്കണം എന്നതാണ് ദൈവഹിതം. ദൈവഹിതത്തെ മാറ്റുവാൻ ശ്രമിക്കാതെ അതിനു കീഴ്പ്പെടുവാനുള്ള മനോഭാവമാണ് ആളുകൾക്ക് വേണ്ടത്. സഭയുടെ തല ഉപകരണം ഉപയോഗിക്കുന്നത് അധികാരപ്പെടുത്തിയിട്ടുണ്ടോ എന്ന ചോദ്യത്തിന് ഇല്ല എന്ന ഉത്തരമാണ് നൽകുവാൻ കഴിയുന്നത്. ദൈവകൽപന യിൽ നമുക്ക് തൃപ്തിപ്പെടുവാൻ കഴിയണം. ദൈവവചനം പൂർണ്ണ മായി എഴുതപ്പെട്ടു കഴിഞ്ഞ സ്ഥിതിക്ക് നാം എഴുതിയതിന് അപ്പുറം ഭാവിക്കരുത് (1 കൊരിന്ത്യർ 4:6). പുതിയനിയമത്തിൽ കർത്താവോ, അപ്പൊസ്തലന്മാരോ, പുതിയനിയമ സഭയോ എപ്പോഴെങ്കിലും ആരാ ധനയിൽ ഉപകരണങ്ങൾ ഉപയോഗിച്ച് പാട്ട് പാടിയിട്ടുണ്ടോ എന്ന ചോദ്യത്തിന് ലഭിക്കുന്ന ഉത്തരം ഇല്ല എന്നാണ്.

"വിശുദ്ധീകരിക്കുന്നവനും വിശുദ്ധീകരിക്കപ്പെടുന്നവനും ഒരുവ നല്ലോ പിതാവ്. അതു ഹേതുവായി അവൻ അവരെ സഹോദര ന്മാർ എന്നു വിളിപ്പാൻ ലജ്ജിക്കാതെ ഞാൻ നിന്റെ നാമത്തെ എന്റെ സഹോദരന്മാരോട് കീർത്തിക്കും സഭാമദ്ധ്യേ ഞാൻ നിന്നെ സ്തുതിക്കും എന്നും ഇതാ ഞാനും എനിക്കു തന്ന മക്കളും എന്നും പറയുന്നു. മക്കൾ ജഡരക്തങ്ങളോടുകൂടിയവർ ആകകൊണ്ട് അവനും അവരെപോലെ ജഡരക്തങ്ങളോടുകൂടിയവനായി മരണ ത്തിന്റെ അധികാരിയായ പിശാചിനെ തന്റെ മരണത്താൽ നീക്കി" എന്നു എബ്രായലേഖകൻ പറയുമ്പോൾ, അവൻ സകല ദൈവമ

ക്കൾക്കും ഒരു മാതൃക നൽകുകയായിരുന്നു. മറ്റൊരു കാര്യം നാം ശ്രദ്ധിക്കേണ്ടത്, ദൈവം നമ്മുടെ ഹൃദയത്തെയാണ് നോക്കുന്നത്. നമ്മുടെ ഉള്ളിൽനിന്നു വരുന്ന ഗാനങ്ങൾക്ക് ഒരു യന്ത്രത്തിന്റേയും ആവശ്യം ദൈവം ആഗ്രഹിക്കുന്നില്ല. മനുഷ്യർക്ക് അവരുടെ കാതുകൾക്ക് ഇമ്പമായതിനെ അവർ സ്വീകരിക്കുന്നു എന്നതിലുപരിയായി മറ്റൊന്നും ഉപകരണങ്ങൾ ഉപയോഗിച്ച് ആരാധനയിൽ പാട്ട് പാടുന്നതിൽ അടങ്ങിയിട്ടില്ല എന്നതാണ് വാസ്തവം. ഉപകരണങ്ങൾ ഉപയോഗിക്കരുത് എന്ന് ബൈബിൾ പറയുന്നില്ലല്ലൊ എന്ന വാദഗതി ഉയർത്താറുണ്ട്. പക്ഷെ ഇന്ന വിധത്തിൽ പാടണം എന്നു പറഞ്ഞ സ്ഥിതിക്ക് പാടില്ലാത്ത കാര്യങ്ങളെല്ലാം പറയുകയാണെങ്കിൽ അത് ബൈബിളിൽ ഒതുങ്ങുകയില്ല എന്നോർക്കുക. ദൈവം പറഞ്ഞിട്ടില്ലാത്ത കാര്യങ്ങൾ ചെയ്തവർക്കെല്ലാം ശിക്ഷ നൽകിയിരിക്കുന്നത് നമ്മുടെ ബുദ്ധിയുപദേശത്തിനാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അത് നാം വിസ്മരിക്കരുത്.

നാം ചെയ്യുന്നത് എന്തുദ്ദേശത്തിനായാലും അത് ദൈവേഷ്ടത്തിനു വിരുദ്ധമാണോ എന്നതാണ് ചോദിക്കേണ്ടത്. ഏതു നിയമവിരുദ്ധപ്രവർത്തനവും നടത്തുന്നവർ തങ്ങൾ ചെയ്യുന്ന പ്രവൃത്തിയെ ന്യായീകരിക്കുവാനാണ് ശ്രമിക്കുന്നത്. പഴയനിയമത്തിൽ അഹരോന്റെ പുത്രൻമാർ അന്യാഗ്നി ഉപയോഗിച്ച് ദൈവത്തിനു യാഗം അർപ്പിച്ചതിന്റെ അനന്തരഫലം മരണമായിരുന്നു. ദൈവം ഉപയോഗിക്കുവാൻ പറഞ്ഞത് ഉപയോഗിക്കുകയും പറയാത്തതു ഉപയോഗിക്കാതിരിക്കുകയും ചെയ്യുക എന്നതാണ് ദൈവത്തെ പ്രസാദിപ്പിക്കുന്നവർ സ്വീകരിക്കേണ്ട തത്വം. ദൈവം പറയാത്തതു പ്രവർത്തിച്ച് ദൈവത്തിന്റെ നിത്യശിക്ഷ വാങ്ങുന്നതിനേക്കാൾ പറഞ്ഞതു പ്രവർത്തിച്ച് അനുഗ്രഹം വാങ്ങുന്നതാണ് നല്ലത്. ഉപകരണങ്ങൾ മാത്രമല്ല, പുതിയ നിയമത്തിൽ പറയാത്ത നിരവധികാര്യങ്ങൾ ചെയ്യുവാൻ തുടങ്ങിയാൽ ഒരിടത്തും എത്തുകയില്ല എന്നതാണ് പരമാർത്ഥം. അതുകൊണ്ട് ആരും ദൈവത്തെ പരീക്ഷിക്കാതിരിക്കുന്നതാണ് നല്ലത്. ജീവനുള്ള ദൈവത്തിന്റെ കയ്യിൽ വീഴുന്നത് ഭയങ്കരമാണ്. ദൈവത്തിന് അർപ്പിക്കുന്ന സ്തുതിയും പുകഴ്ച്ചയും അവൻ സ്വീകരിക്കണമെങ്കിൽ അവന്റെ ഹിതം മാനിക്കുക.

✶

# ശിശുക്കൾ കോപത്തിന്റെ മക്കളോ?

## വെയിൻ ജാക്സൺ

ശിശുക്കൾ ദൈവം തരുന്ന ദാനവും പ്രതിഫലവുമാണ് എന്ന് തിരുവെഴുത്ത് നമ്മെ പഠിപ്പിക്കുന്നു. ദൈവത്തിന്റെ അനുഗ്രഹപ്രകാരമാണ് ഓരോ ശിശുവും പ്രത്യുൽപാദനത്താൽ ജനിച്ചു വീഴുന്നത്. ശിശുക്കൾ പാപത്തിലാണ് ജനിക്കുന്നത് എന്നും പാപത്തോടുകൂടിയാണ് ജനിക്കുന്നത് എന്നും ആളുകൾ തെറ്റായി ധരിച്ചുവെച്ചിരിക്കുന്നു. അതിന് അവർ എടുക്കുന്ന വേദഭാഗം സങ്കീർത്തനങ്ങളിൽനിന്നാണ്. "ഇതാ ഞാൻ അകൃത്യത്തിൽ ഉരുവായി, പാപത്തിൽ എന്റെ അമ്മ എന്നെ ഗർഭം ധരിച്ചു. അന്തർഭാഗത്തിലെ സത്യമല്ലോ നീ ഇച്ഛിക്കുന്നത്. അന്തരംഗത്തിൽ എന്നെ ജ്ഞാനം ഗ്രഹിപ്പിക്കേണമേ" (സങ്കീർത്തനങ്ങൾ 51:5). അവിടെ പറയുന്നത് ദാവീദിന്റെ അമ്മയുടെ പാപത്തെ കുറിച്ചാണ്. അല്ലാതെ ജനിക്കുന്ന ശിശുവിന്റെ പാപത്തെയല്ല വിവരിക്കുന്നത്. ശിശുക്കൾ ദൈവം തരുന്ന ദാനം ആകയാൽ പാപം വെച്ചുകൊണ്ട് ഒരു ദാനം ദൈവം തരുകയില്ല എന്നതാണ് സത്യം. ശിശുക്കൾ പാപമില്ലാത്തവരും നിഷ്കളങ്കരും വിശുദ്ധരുമാണ്. അതുകൊണ്ടാണ് യേശുവിന്റെ അടുക്കലേക്ക് ശിശുക്കളെ കൊണ്ടുവന്നത് തടയരുത് എന്നു പറഞ്ഞത്.

പലപ്പോഴും ബൈബിളിലെ ചില വേദഭാഗങ്ങൾ തെറ്റിദ്ധരിച്ചതുകൊണ്ടാണ് ആളുകൾ ശിശുക്കളിൽ പാപം ഉണ്ടെന്ന് പറയുന്നത്. പൗലൊസ് പറയുന്നത്, "അതിക്രമങ്ങളാലും പാപങ്ങളാലും മരിച്ചവരായിരുന്ന നിങ്ങളെയും അവൻ ഉയർപ്പിച്ചു. അവയിൽ നിങ്ങൾ മുമ്പെ ഈ ലോകത്തിന്റെ കാലഗതിയെയും ആകാശത്തിലെ അധികാരത്തിന്നും അനുസരണക്കേടിന്റെ മക്കളിൽ ഇപ്പോൾ വ്യാപരിക്കുന്ന ആത്മാവിന്നും അധിപതിയായവനെയും അനുസരിച്ച് നടന്നു. അവരുടെ ഇടയിൽ നാം എല്ലാവരും മുമ്പെ നമ്മുടെ ജഡമോഹങ്ങളിൽ നടന്നു ജഡത്തിന്നും മനോവികാരങ്ങൾക്കും ഇഷ്ടമായത് ചെയ്തുംകൊണ്ട് മറ്റുള്ളവരെ പോലെ പ്രകൃതിയാൽ കോപത്തിന്റെ മക്കൾ ആയിരുന്നു"(എഫെസ്യർ 2:1-3). ഈ വേദഭാഗത്ത് അപ്പൊസ്തലൻ പറയുന്നത് "പ്രകൃതിയാൽ കോപത്തിന്റെ മക്കൾ ആയവരെ കുറിച്ചാണ്. അല്ലാതെ ശിശുക്കളെ കുറിച്ചല്ല.

ശിശുക്കൾ മുഴുവൻ പാപത്തിലാണ് ജനിക്കുന്നതെന്ന് പറയുവാൻ കാൽവിനിസ്റ്റുകാർ ഈ വേദഭാഗമാണ് എടുക്കുന്നത്. പാപം ചെയ്യുമ്പോൾ സംഭവിക്കുന്ന അനന്തരഫലമായ മരണത്തെ കുറിച്ചാണ് അപ്പൊസ്തലൻ ഒന്നാം വാക്യത്തിൽ പറയുന്നത്. പാപവും അതിക്രമവുമാണ് മരണത്തിന്റെ കാരണം. ഒരു സാധാരണ മനുഷ്യന്റെ കാര്യമാണ് അവിടെ പറയുന്നത് അല്ലാതെ ശിശുക്കളുടെ കാര്യമല്ല. ആദാമിന്റെ പാപം പിന്തുടർച്ചയായി പിന്നീടുള്ള സകല മനുഷ്യരിലേക്കും വ്യാപിക്കുന്നു എന്ന ധാരണ ചിലർക്ക് ഉണ്ട്. ആദാമിന്റെ പാപമല്ല, മറിച്ച് പാപത്തിന്റെ അനന്തരഫലമാണ് നമ്മിൽ ഉള്ളത്. ഏകമനുഷ്യനാൽ പാപവും പാപത്താൽ മരണവുമാണ് ലോകത്തിലേക്ക് വന്നത് (റോമർ 5:12). പാപം വ്യക്തിപരമാണ്. പാപം ചെയ്യുമ്പോഴാണ് ഒരാൾ കുറ്റവാളിയാകുന്നത്. ബൈബിൾ പറയുന്നത് എല്ലാവരും പാപം ചെയ്ത് ദൈവത്തിന്റെ തേജസ് ഇല്ലാത്തവരായി എന്നാണ് (റോമർ 3:23). പാപം തലമുറകൾ തോറും കൈമാറി ലഭിക്കുന്നതല്ല. മറിച്ച് പാപമുള്ള ലോകത്തിൽ ജനിച്ചു വീഴുന്ന ഓരോ കുട്ടിയും നന്മ തിന്മകൾ വേർതിരിച്ച് അറിയാവുന്ന പ്രായം വരുമ്പോഴാണ് പാപിയായി തീരുന്നത്.

മാതാപിതാക്കളുടെ പാപം മക്കളിലേക്ക് വരും എന്നു കരുതുന്ന ആളുകളുണ്ട്. എന്നാൽ തിരുവെഴുത്ത് അതിൽനിന്നു വ്യത്യസ്തമായിട്ടാണ് പഠിപ്പിക്കുന്നത്. "പാപം ചെയ്യുന്ന ദേഹി മരിക്കും; മകൻ അപ്പന്റെ അകൃത്യം വഹിക്കേണ്ട; അപ്പൻ മകന്റെ അകൃത്യവും വഹിക്കേണ്ട. നീതിമാന്റെ നീതി അവന്റെ മേലും ദുഷ്ടന്റെ ദുഷ്ടത അവന്റെ മേലും ഇരിക്കും. എന്നാൽ ദുഷ്ടൻ താൻ ചെയ്ത സകല പാപങ്ങളെയും വിട്ടുതിരിഞ്ഞ് എന്റെ ചട്ടങ്ങളൊക്കെയും പ്രമാണിച്ച് നീതിയും ന്യായവും പ്രവർത്തിക്കുന്നു എങ്കിൽ അവൻ മരിക്കാതെ ജീവിച്ചിരിക്കും. അവൻ ചെയ്ത അതിക്രമങ്ങളിൽ ഒന്നിനേയും അവന്നു കണക്കിടുകയില്ല" (യെഹെസ്ക്കേൽ 18:20-22). വളരെ വ്യക്തമായി പറഞ്ഞിരിക്കുന്ന കാര്യമാണ് പാപം പിന്തുടർച്ചയായി വരുന്നതല്ല എന്നത്. പാപം ചെയ്യുന്നവരിലാണ് കുറ്റമുള്ളത്, കുറ്റമുള്ളവരെയാണ് ശിക്ഷിക്കുന്നത്. ഒരാളുടെ തെറ്റിന് മറ്റൊരാളെ ശിക്ഷിക്കുന്നത് ദൈവനീതിയല്ല. പാപികളെയാണ് ദൈവം ശിക്ഷിക്കുന്നത്. ദൈവം നീതിമാനും പരിശുദ്ധനമാണ്. അവന്റെ നിയമവും

നീതിയും ന്യായവുമുള്ളതാണ്. അതിൽനിന്നു വ്യത്യസ്തമായി ദൈവം പ്രവർത്തിക്കുകയില്ല എന്നതു സത്യമാണ്. കോപത്തിന്റെ മക്കൾ, ഇരുട്ടിന്റെ മക്കൾ എന്നെല്ലാം പറയുന്നത് പാപത്തിൽ ജീവിക്കുന്നവരെ കുറിച്ചാണ്. നിയമം എന്താണെന്ന് തിരിച്ചറിയുന്നവരാണ് നിയമത്തെ ലംഘിക്കുന്നത്. യാതൊന്നും തിരിച്ചറിയുവാൻ കഴിയാത്ത ശിശുക്കൾ നിയമ ലംഘികളാണെന്ന് പറയുവാൻ സാധ്യമല്ല. അവർക്ക് ബോധപൂർവ്വം കാര്യങ്ങൾ വിവേചിക്കുവാൻ കഴിയുകയില്ല.

നിങ്ങൾ തിരിഞ്ഞ് ശിശുക്കളെ പോലെ ആകുന്നില്ല എങ്കിൽ ദൈവരാജ്യത്തിൽ പ്രവേശിക്കുകയില്ല എന്ന് കർത്താവ് പറഞ്ഞിരുന്നു. ശിശുക്കളിൽ പാപം ഉണ്ടെങ്കിൽ തീർച്ചയായും യേശുക്രിസ്തു അങ്ങനെ പറയുമായിരുന്നില്ല. ശൈശവപ്രായത്തിൽ മരിക്കുന്ന കുട്ടികൾ സ്വർഗത്തിൽ പോയില്ലെങ്കിലോ എന്ന കാരണത്താൽ ശിശുക്കൾക്ക് സ്നാനം കൊടുക്കുന്ന വിഭാഗങ്ങൾ നിലവിലുണ്ട്. അതും ദൈവഹിതത്തിന് വിരുദ്ധമാണ്. കാരണം ശിശുക്കൾക്ക് അതിന്റെ ആവശ്യമില്ല. ദൈവം അവരിൽ പാപം കണക്കിടാതിരിക്കുമ്പോൾ ആളുകൾ അജ്ഞത നിമിത്തമോ തെറ്റിദ്ധാരണ നിമിത്തമോ അവരെ നിർബ്ബന്ധപൂർവ്വം പലതും ചെയ്യിക്കുന്നത് തെറ്റാണ്.

ശിശുവിനെ പോലെ തന്നെത്താൻ താഴ്ത്തുന്നവൻ സ്വർഗരാജ്യത്തിൽ ഏറ്റവും വലിയവൻ ആകുന്നു. ഇങ്ങനെയുള്ള ശിശുവിനെ എന്റെ നാമത്തിൽ കൈക്കൊള്ളുന്നവൻ എന്നെ കൈക്കൊള്ളുന്നു. വേറൊരു വിധത്തിൽ പറഞ്ഞാൽ ശിശുക്കളെ തള്ളുന്നവർ ശ്രദ്ധിക്കേണ്ടത് അവർ യേശുവിനെ ആണ് തള്ളിക്കളയുന്നത് എന്നാണ്. കാരണം യേശു ശിശുക്കളെ കൈക്കൊള്ളുന്നു. ശിശുക്കളുടെ മനോഭാവമാണ് ഓരോ ക്രിസ്ത്യാനിയിൽനിന്നും ദൈവം പ്രതീക്ഷിക്കുന്നത്. ആകയാൽ നാം ഏത് കാര്യം ചെയ്യുമ്പോഴും അത് തിരുവചനത്തിന്റെ അടിസ്ഥാനത്തിലാണോ എന്നു പരിശോധിക്കണം. അതല്ലെങ്കിൽ നാം ദൈവത്തോട് കണക്ക് കൊടുക്കേണ്ടി വരും എന്നറിയുക. ശിശുക്കളെ ഒരിക്കലും കോപത്തിന്റെ മക്കളായിട്ടല്ല, മറിച്ച് ദൈവ പൈതങ്ങളായിട്ടാണ് കാണേണ്ടത്.

✶

# അപ്പൊസ്തോലിക ശക്തിയുടെ തൂണുകൾ

**പെറി എൻ ഹാൾ**

സമൂഹത്തിന്റെ വിവിധ തലങ്ങളിലുള്ളവരെയായിരുന്നു യേശു തന്നെ അനുഗമിക്കുവാൻ ശിഷ്യന്മാരായി തിരഞ്ഞെടുത്ത് പരിശീലിപ്പിച്ചത്. അതിനുശേഷം അവരെ പഠിപ്പിക്കുകയും ആവശ്യമായ പരിശീലനങ്ങൾ നൽകുകയും ചെയ്തു. യേശു അവർക്ക് പ്രത്യേകമായ അധികാരവും ശക്തിയും നൽകിയിരുന്നു. അത് അവരുടെ ദൗത്യനിർവ്വഹണത്തിനായിരുന്നു. അവൻ അവരോട് പറഞ്ഞു, "എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ട് യെരുശലേമിലും യെഹൂദ്യയിൽ എല്ലാടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും എന്നു പറഞ്ഞു" (പ്രവൃത്തികൾ 1:8). അവൻ സ്വർഗത്തിലേക്ക് പോകുന്നതിനു തൊട്ടുമുൻപായിരുന്നു കർത്താവ് ഇത് ശിഷ്യന്മാരോട് പറഞ്ഞത്. ഈ വാഗ്ദാനം ക്രിസ്ത്യാനിത്വത്തിന്റെ ആവിർഭാവത്തിനും നിലനിൽപിനും അനിവാര്യമായിരുന്നു. കാരണം സഭയുടെ അടിസ്ഥാനം ഇടുന്നത് അങ്ങനെയായിരുന്നു.

യേശു ശിഷ്യന്മാരെ വിളിച്ചപ്പോൾ അവർ സാധാരണക്കാരായിരുന്നു. സാധാരണക്കാരെ അസാധാരണക്കാരാക്കി മാറ്റുവാൻ അവൻ അവരിലേക്ക് ദൈവത്തിന്റെ ശക്തി പകർന്നു. അവരെ യേശു ക്രിസ്തു സ്വർഗാരോഹണം ചെയ്തശേഷം അപ്പൊസ്തലന്മാരായി സുവിശേഷം അറിയിക്കുവാൻ ലോകമെങ്ങും പോകുവാൻ അയച്ചു (പ്രവൃത്തികൾ 1:21, 22; മത്തായി. 28:18–20; മർക്കൊസ് 16:15, 16). യേശു തിരഞ്ഞെടുത്ത് പരിശീലിപ്പിച്ച ശിഷ്യന്മാർ യേശുവിന്റെ സകല പ്രവൃത്തികൾക്കും ദൃക്സാക്ഷികളായിരുന്നു. അവർ അവന്റെ ഉപദേശങ്ങൾ നേരിട്ട് കേൾക്കുകയും ചെയ്തിരുന്നു. ആ അപ്പൊസ്തലന്മാരെല്ലാം മരിക്കുന്നതിനു മുൻപ് യേശുവിന്റെ ഉപദേശങ്ങളെല്ലാം പുതിയ നിയമത്തിൽ എഴുതി. ആ വചനം സത്യമാണെന്ന് ഉറപ്പിക്കുവാൻ അവർ അത്ഭുതങ്ങളും അടയാളങ്ങളും ചെയ്തു. ഇന്ന് വാസ്തവത്തിൽ അന്നത്തേ പോലെയുള്ള അപ്പൊസ്തലന്മാർ

ഇല്ല. അങ്ങനെ ആരെങ്കിലും അവകാശപ്പെട്ടാൽ അത് വ്യാജമായിരിക്കും. അവർക്ക് ശേഷം ദൈവം അങ്ങനെ വാഗ്ദാനം ചെയ്തിട്ടില്ല.

തങ്ങൾക്ക് പരിശുദ്ധാത്മാഭിഷേകം ലഭിച്ചതിനാൽ അത്ഭുതം ചെയ്യുവാൻ കഴിയും എന്ന് അവകാശപ്പെടുന്ന ചിലർ ഇന്ന് ഉണ്ട്. കർത്താവ് അന്ന് അപ്പൊസ്തലന്മാർക്ക് മാത്രമായി നൽകിയ വാഗ്ദാനങ്ങളും അത്ഭുത വരങ്ങളും മറ്റാർക്കും വാഗ്ദാനം ചെയ്തിട്ടില്ല എന്നതാണ് വാസ്തവം. തങ്ങൾക്ക് ഇല്ലാത്ത ശക്തി ഉണ്ടെന്ന് അവകാശപ്പെടുന്നവർ ദൈവത്തിന്റെ ഇഷ്ടത്തിന് വിരുദ്ധമായി പ്രവർത്തിക്കുന്നവരാണ്. യേശുക്രിസ്തുവിന്റെ സാന്നിധ്യം പിന്നീട് അപ്പൊസ്തലന്മാരോടൊപ്പം ഉണ്ടാകാത്തതിനാലായിരുന്നു അപ്പൊസ്തലന്മാർക്ക് പരിശുദ്ധാത്മാവിന്റെ ശക്തി വാഗ്ദാനം ചെയ്തത്. കൂടാതെ വചനം തെറ്റുകൂടാതെ സംസാരിക്കുവാനും എഴുതുവാനും, ക്രിസ്തു പഠിപ്പിച്ചത് എല്ലാം ഓർമ്മിക്കുവാനും പരിശുദ്ധാത്മാവിന്റെ സഹായം അവർക്ക് ആവശ്യമായിരുന്നു (യോഹന്നാൻ 14:16; 15:26; 16:7). പരിശുദ്ധാത്മാവ് അവരെ അത്ഭുതകരമായി വഴി നടത്തുകയായിരുന്നു. അത് വചനം പൂർണ്ണമായി നൽകുന്നതുവരെയായിരുന്നു. ഒരിക്കൽ വചനം പൂർണ്ണമായ ശേഷം പിന്നീട് അവർക്ക് ആ ശക്തിയുടെ ആവശ്യം ഇല്ലായിരുന്നു.

അപ്പൊസ്തലന്മാർ ദൈവശ്വാസിയമായി നയിക്കപ്പെട്ടതുകൊണ്ട് അവർക്ക് ദൈവിക സത്യം അങ്ങനെ തന്നെ പ്രസംഗിക്കുവാനും ഉപദേശിക്കുവാനും കഴിഞ്ഞു. മനുഷ്യരുടെ ജീവനും ഭക്തിക്കും വേണ്ടതെല്ലാം ഉൾപ്പെടുത്തിയ തിരുവെഴുത്താണ് ഇന്ന് മനുഷ്യരുടെ ജീവിതം ക്രമപ്പെടുത്തുവാനുള്ള ഏക മാർഗം (2 പത്രൊസ് 1:3; 2 തിമൊഥെയൊസ് 3:16, 17). ആടുകളുടെ നല്ല ഇടയനായി കർത്താവിന്റെ വാക്കുകളാണ് ഇന്ന് നാം ശ്രവിക്കേണ്ടത്. അത് ദൈവശ്വാസിയരായ അവന്റെ അപ്പൊസ്തലന്മാരും പ്രവാചകന്മാരും നമുക്ക് എഴുതി തന്നിരിക്കുന്നു. നാം അത് വായിച്ചാൽ ദൈവേഷ്ടം എന്തെന്ന് നമുക്ക് അറിയാം. അപ്പൊസ്തലന്മാർക്ക് യേശുവിനെ പോലെ ശരിയായ അത്ഭുതങ്ങളും, അടയാളങ്ങളും, വീര്യപ്രവൃത്തികളും ചെയ്യുവാൻ കഴിഞ്ഞിരുന്നു. ഇന്ന് അത്ഭുതരോഗ ശാന്തി അവകാശപ്പെടുന്നവർക്ക് അപ്പൊസ്തലന്മാർ ചെയ്തതുപോലെ ഒരത്ഭുതവും ചെയ്യുവാൻ സാധ്യമല്ല. ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്ന വചനം

മനുഷ്യന്റെ വചനമായിട്ടല്ല, ദൈവത്തിന്റെ വചനമായി നാം സ്വീക രിക്കണമെന്നാണ് ദൈവം അരുളിച്ചെയ്തിരിക്കുന്നത്.

പാപത്തെ കുറിച്ചും നീതിയെ കുറിച്ചും വരുവാനുള്ള ന്യായവി ധിയെ കുറിച്ചും വെളിപ്പെടുത്തിയിരിക്കുന്ന തിരുവെഴുത്തുകളെയാണ് നാം ജീവിതത്തിൽ അനുസരിക്കേണ്ടത്. അപ്പൊസ്തലന്മാരിൽ അത്ഭുത ശക്തി പ്രവർത്തിക്കുവാൻ തുടങ്ങിയത് ക്രിസ്തു മരിച്ച ശേഷമുള്ള ആദ്യത്തെ പെന്തെകൊസ്തുനാളിലായിരുന്നു. അവിടെ വന്നുകൂടിയവർക്ക് എല്ലാം ബോധ്യമാകത്തക്കവണ്ണമായിരുന്നു ആത്മാവിന്റെ പ്രകടനം. അപ്പൊസ്തലന്മാർ അന്നു സംസാരിച്ചത് അവിടെ കൂടി വന്നിരുന്ന സകല ഭാഷക്കാർക്കും മനസിലാകുന്ന വിധത്തിൽ അന്യഭാഷയിലായിരുന്നു. ദൈവത്തിന്റെ വൻകാര്യങ്ങളെ അവർക്ക് ഗ്രഹിക്കുവാനും കഴിഞ്ഞു. പുരുഷാരത്തിൽ കുറെ പേർക്ക് പാപബോധ്യം ഉണ്ടായപ്പോൾ അപ്പൊസ്തലന്മാരോട് ചോദിച്ചു, “സഹോദരന്മാരായ പുരുഷന്മാരേ, ഞങ്ങൾ എന്തു ചെയ്യേണ്ടു?” പാപമോചനത്തിനായി ഓരോരുത്തൻ മാനസാന്തരപ്പെട്ട് യേശുക്രി സ്തുവിന്റെ നാമത്തിൽ സ്നാനം ഏൽപിൻ എന്നായിരുന്നു അപ്പൊ സ്തലന്മാർ നൽകിയ മറുപടി.

അന്നു അന്യഭാഷാ സംസാരം ആവശ്യമായിരുന്നു. ഒരേസമ യത്ത് അനവധി ഭാഷകൾ അറിയാവുന്നവർക്ക് പ്രയോജനം ലഭി ക്കേണ്ടതിനായിരുന്നു അത്. എന്നാൽ ഇന്നും അന്യഭാഷാവരം ഉണ്ടെന്ന് അവകാശപ്പെടുന്ന ആളുകളുണ്ട്. വചനം പൂർണ്ണമായി എഴു തുകയും മിക്കവാറും എല്ലാ ഭാഷകളിലും അത് തർജിമ ചെയ്ത് വിതരണം ചെയ്തിരിക്കയാൽ ഇന്ന് അന്യഭാഷാ വരത്തിന്റെ ആവ ശ്യമില്ല. വചനം പൂർണ്ണമായി ലഭിക്കുമ്പോൾ അംശമായ വരങ്ങൾ നിന്നുപോകുമെന്നും വചനം മുന്നറിയിച്ചിരിക്കുന്നു (1 കൊരിന്ത്യർ 13:8). പൂർണ്ണമായ വചനപരിജ്ഞാനമില്ലാത്തവർ വചനം അറിയാ ത്തവരെ തെറ്റിദ്ധരിപ്പിക്കുകയാണ്. ദൈവത്തിന്റെ ശക്തി ഇന്നും ഉണ്ട് എന്നു പറഞ്ഞ് ആളുകളെ തെറ്റായി പഠിപ്പിക്കുന്നവർ വാസ്തവ ത്തിൽ ദൈവവചനത്തിന്റെ ശക്തിയെ തുഛീകരിക്കുകയാണ്. പരി ശുദ്ധാത്മാവിന്റെ അത്ഭുതപ്രകടനം ജാതികളുടെ ആദ്യ പരിവർത്ത നസമയത്തും ഉണ്ടായി. ആദിയിൽ എന്നപോലെ പരിശുദ്ധാത്മാവ് ജാതികളിലും നൽകും എന്ന വാഗ്ദാനവും പിന്നീട് നിറവേറി.

# യേശുവിന്റെ സ്നാനവും നമ്മുടേതും

**ഓവെൻ ഓൾബ്രൈറ്റ്**

സ്നാനം എന്ന വിഷയം പലരും പല വിധത്തിലാണ് മനസിലാക്കിയിരിക്കുന്നത് എന്ന് പറയാതെ നിർവ്വാഹമില്ല. യേശുക്രിസ്തുവിനു വഴിയൊരുക്കുവാൻ വന്ന യോഹന്നാൻ സ്നാപകൻ യേശുവിന്നു മുൻപായി സ്നാനപ്പെടുത്തിയിരുന്നു. ആളുകളെ ഒരുക്കുന്ന പ്രക്രിയയായിരുന്നു യോഹന്നാന്റേത്. യേശു യോഹന്നാനാൽ സ്നാനം ഏൽക്കുവാൻ വന്നപ്പോൾ അവൻ യേശുവിനാൽ സ്നാനമേൽക്കുവാനുള്ളതാണ് എന്ന് അറിയിച്ചു. എങ്കിലും, സകല നീതിയും നിവർത്തിയാകുവാനായിരുന്നു യേശു സ്നാനമേറ്റത്. യേശുവിൽ പാപം ഒന്നുമില്ലായിരുന്നു; അവന്റെ വായിൽ വഞ്ചന ഒന്നുമില്ലായിരുന്നു. ദൈവം മനുഷ്യരുടെ പാപം ചുമന്നൊഴിക്കുവാൻ ജഡമെടുത്ത് മനുഷ്യർക്കിടയിൽ വസിച്ചു. നീതിമാനായിരുന്ന യേശു സ്നാനം ഏറ്റു മാതൃക കാണിച്ചു തന്നിരിക്കുകയാണ്. ദൈവേഷ്ടത്തിന് തന്നെത്താൻ കീഴ്പ്പെടുന്ന മാതൃകയായിരുന്നു യേശുവിന്റേത്. പൂർണ്ണമായി വിശ്വസിക്കാവുന്നതും അനുകരിക്കാവുന്നതുമായ മാതൃകയാണ് യേശുവിന്റേത്. ആ യേശുവിന്റെ സ്നാനത്തെ നമ്മുടെ സ്നാനവുമായി ഒന്നു താരതമ്മ്യം ചെയ്തു നോക്കാം.

യേശുവിനെ യോഹന്നാൻ എന്ന മറ്റൊരാളാണ് സ്നാനം കഴിപ്പിച്ചത് (മർക്കൊസ് 1:9). നമ്മെയും മറ്റൊരാളാണ് സ്നാം കഴിപ്പിക്കുന്നത് (പ്രവൃത്തികൾ 8:38). പുതിയനിയമ പരിവർത്തനങ്ങളിലെ സ്നാനം എല്ലാം നോക്കുക. അവൻ വെള്ളത്തിലാണ് സ്നാനം ഏറ്റത് (മത്തായി 3:16). നമ്മുടെ സ്നാനത്തിനും വെള്ളം ആവശ്യമാണ് (പ്രവൃത്തികൾ 8:38, 39). അവന്റെ അടുക്കലേക്ക് വെള്ളം കൊണ്ടുവരികയായിരുന്നില്ല, പിന്നെയോ അവൻ വെള്ളത്തിലേക്ക് പോകുകയായിരുന്നു (മത്തായി 3:13). ക്രിസ്തീയ കാലഘട്ടത്തിൽ സ്നാനം ഏൽക്കുന്ന ആളും വെള്ളത്തിലേക്ക് പോകുകയാണ് (പ്രവൃത്തികൾ 8:36). ധാരാളം വെള്ളം ഉള്ള സ്ഥലത്തേക്കാണ് യേശു സ്നാനം ഏൽക്കുവാൻ പോയത് (യോഹന്നാൻ 3:23). യോർദ്ദാൻ നദിയിലേ

ക്കായിരുന്നു അവൻ പോയത് (മത്തായി 3:13). ഒരാൾ സ്നാനം ഏൽക്കുന്നതിന് വെള്ളത്തിൽ ഇറങ്ങിയതായി നാം വായിക്കുന്നു (പ്രവൃത്തികൾ 8:36). യേശു സ്നാനം ഏറ്റശേഷം വെള്ളത്തിൽനിന്നു കയറി (മത്തായി 3:16). ഐത്യോപ്യക്കാരനായിരുന്ന ഷണ്ഡനും സ്നാനം ഏറ്റശേഷം വെള്ളത്തിൽനിന്നു കയറി (പ്രവൃത്തികൾ 8:39).

സ്നാനം ഏറ്റുകഴിഞ്ഞ് യേശുവിന് പരിശുദ്ധാത്മാവ് ലഭിച്ചു (മത്തായി 3:16). നാമും വചനപ്രകാരം സ്നാനം ഏറ്റു കഴിയുമ്പോൾ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും. യോഹന്നാൻ നടത്തിയ സ്നാനത്തിൽ പലകാര്യങ്ങളും യേശുവിന് ആവശ്യമില്ലായിരുന്നു. യേശുവിന് മാനസാന്തരമോ പാപമോചനമോ ആവശ്യമില്ലായിരുന്നു. അതുകൊണ്ട് പാപങ്ങളെ ഏറ്റു പറയേണ്ട ആവശ്യവുമില്ലായിരുന്നു. യേശുവിന്റെ സ്നാനവും നമ്മുടെ സ്നാനവും തമ്മിൽ വളരെയധികം വ്യത്യാസം ഉണ്ട്. നാം സ്നാനം ഏൽക്കേണ്ടത് പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിലത്രെ. യേശു സ്നാനമേറ്റത് ഒരു നാമത്തിലുമായിരുന്നില്ല (മത്തായി 28:19). നാം പാപികളായതുകൊണ്ട് സ്നാനം ഏൽക്കുന്നത് പാപമോചനത്തിനാണ് (പ്രവൃത്തികൾ 2:38; 22:16). നമ്മുടെ സ്നാനത്തിന് മാനസാന്തരം അനിവാര്യമാണ് (പ്രവൃത്തികൾ 2:38). നാം ക്രിസ്തുവിനോട് ചേരുവാനാണ് സ്നാനം ഏൽക്കുന്നത് (റോമർ 6:3, 4). യേശുവിന് ആരോടും ചേരേണ്ട കാര്യമില്ല.

നാം സ്നാനം ഏൽക്കുന്നത് അവന്റെ ഏകശരീരമായ സഭയിലേക്ക് അഥവാ ദൈവരാജ്യത്തിലേക്ക് പ്രവേശിക്കുവാനാണ്. എന്നാൽ രാജ്യത്തിന്റെ രാജാവാകയാൽ അവന് അതിന്റെ ആവശ്യമില്ല (എഫെസ്യർ 1:22, 23). യേശു ദൈവപുത്രനാണെന്ന് വിശ്വസിച്ച് ഏറ്റു പറയുന്നതിന്റെ അടിസ്ഥാനത്തിലാണ് നാം സ്നാനം ഏൽക്കുന്നത്. താൻ ആരാണെന്ന് യേശു അറിഞ്ഞിരിക്കയാൽ അവന് തന്നിൽ വിശ്വസിക്കേണ്ട ആവശ്യമില്ലായിരുന്നു (യോഹന്നാൻ 8:28). നാം സ്നാനം ഏൽക്കുന്നത് രക്ഷിക്കപ്പെടുവാനാണ് (1 പത്രൊസ് 3:21). എന്നാൽ യേശുവിന് രക്ഷിക്കപ്പെടേണ്ട ആവശ്യമില്ല. താൻ ദൈവപുത്രനാണെന്ന് മറ്റുള്ളവരെ ബോധ്യപ്പെടുത്തുവാനായിരുന്നു യേശുവിന്റെ സ്നാനം (യോഹന്നാൻ 1:33, 34). നാം ദൈവമക്കളായി തീരുന്നതിനാലാണ് നമുക്ക് ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ

ദാനമായി നൽകുന്നത്. യേശുവിൽ പരിശുദ്ധാത്മാവ് വന്നപ്പോൾ, പിതാവ് അവനെ ദൈവപുത്രനാണെന്ന് സ്ഥിരീകരിക്കുകയായിരുന്നു (മത്തായി 3:17). ദൈവത്തിന്റെ പ്രവൃത്തിയുടെ വ്യാപാരശക്തിയിലുള്ള വിശ്വാസം നിമിത്തമാണ് നാം സ്നാനം ഏൽക്കുന്നത്. യേശുവിന് അതിന്റെ ആവശ്യമില്ല.

പാപസംബന്ധമായി മരിച്ച് ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിനാണ് നാം സ്നാനം ഏൽക്കുന്നത്. യേശുവിൽ പാപം ഇല്ലാത്തതിനാൽ അവന് അതിന്റെ ആവശ്യമില്ല. ഭൂമിയിൽ വരുന്നതിനു മുൻപ് കർത്താവിന് ഉണ്ടായിരുന്ന മഹത്വം ഉയർത്തശേഷം അവനു തിരികെ ലഭിച്ചു. യേശുവിന് തന്റെ മരണത്തിൽ പങ്കാളിയാകുവാൻ സ്നാനം ഏൽക്കുവാൻ സാധ്യമല്ല. നാം സ്നാനം ഏൽക്കുന്നതിനു മുൻപ് നഷ്ടപ്പെട്ടവരായിരുന്നു. യേശുവിനു പുതിയ ജനനം ആവശ്യമില്ലായിരുന്നു. പക്ഷെ നമുക്ക് പുതിയ ജനനം ആവശ്യമാണ് (യോഹന്നാൻ 3:3–5). യേശുക്രിസ്തുവിന്റെ പുതിയ നിയമത്തിലെ അവന്റെ കൽപനയായിട്ടാണ് നാം സ്നാനം ഏൽക്കുന്നത്. അവന്റെ മരണശേഷമാണ് പുതിയ നിയമം പ്രാബല്യത്തിൽ വന്നത്. യേശുവിന്റെ സ്നാനം പ്രാധാന്യമുള്ളതായിരുന്നു. നാം ഏൽക്കുന്ന സ്നാനവും പ്രാധാന്യമുള്ളതാണ്. യേശു വളരെ ദൂരം നടന്നായിരുന്നു യെഹൂദ്യയിൽ ചെന്ന് സ്നാനം ഏറ്റത്. ദൈവത്തിന്റെ നീതി ക്രിസ്തുവിൽ നിറവേറപ്പെടണം എന്നതായിരുന്നു ദൈവേഷ്ടം.

ഒന്നിലും കുറവില്ലാതെ സകല നീതിയും അവനിൽ ഉണ്ടായിരുന്നതുകൊണ്ട് അവസാനം ന്യൂനതയില്ലാത്ത യാഗം അർപ്പിക്കുവാൻ അവന് കഴിഞ്ഞു. ഇന്ന് ആരെങ്കിലും യേശു കൽപിച്ചതായ ജലസ്നാനം തള്ളിക്കളയുകയാണെങ്കിൽ അയാൾ ക്രിസ്തുവിനെ ആണ് തള്ളിക്കളയുന്നത്. കാരണം യേശു സ്നാനം എന്ന കൽപനെ മാനിക്കുകയും അനുസരിക്കുകയും ചെയ്തപ്പോൾ ആരെങ്കിലും അതിൽനിന്നു മാറിയാൽ അതിന്റെ അനുഗ്രഹം നഷ്ടമാക്കുകയായിരിക്കും ചെയ്യുന്നത്. യേശുക്രിസ്തുവിന്റെ ശിഷ്യന്മാരായിരുന്നവരെല്ലാം അവൻ കൽപിച്ച സ്നാനം ഏറ്റിരുന്നു. തന്നെ അനുസരിക്കുന്നവരെയാണ് യേശു രക്ഷിക്കുന്നത്. വിശ്വസിക്കുകയും സ്നാനം ഏൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും. വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും.

# വചനം പ്രസംഗിക്ക

**ഫ്രെഡ്.ഇ.ഡെന്നിസ്**

മർത്യനായ മനുഷ്യന്ന് ദൈവം നൽകിയിരിക്കുന്ന മഹത്തായ ആജ്ഞയാണ് വചനം പ്രസംഗിക്ക എന്നത്. ആദിയിൽ വചനം ഉണ്ടായിരുന്നു, വചനം ദൈവത്തോടുകൂടെ ആയിരുന്നു വചനം ദൈവം ആയിരുന്നു (യോഹന്നാൻ 1:1-3). മനുഷ്യരക്ഷക്കായി ദൈവം വെച്ചിരിക്കുന്നത് അവന്റെ അരുളപ്പാടുകളാണ്. "വചനം പ്രസംഗിക്ക, സമയത്തിലും അസമയത്തിലും ഒരുങ്ങി നിൽക്ക; സകല ഉപദേശത്തോടും ദീർഘക്ഷമയോടുംകൂടെ ശാസിക്ക; തർജ്ജനം ചെയ്ക, പ്രബോധിപ്പിക്ക" (2 തിമൊഥെയൊസ് 4:2). ഏറ്റവും വലിയ പ്രാസംഗികനായിരുന്ന അപ്പൊസ്തലനായ പൗലൊസ് ദൈവശ്വാസിയമായി നൽകിയിരിക്കുന്ന നിർദ്ദേശമാണ്. മനുഷ്യരോട് സുവിശേഷം അറിയിക്കുവാൻ ദൈവം മനുഷ്യരോടാണ് ആവശ്യപ്പെട്ടിരിക്കുന്നത്. അത് അനുസരിക്കുന്നവർക്ക് അനുഗ്രഹവും അനുസരിക്കാത്തവർക്ക് ശാപവുമാണ് ലഭിക്കുന്നത്.

സുവിശേഷം മനുഷ്യരുടെ രക്ഷക്കായുള്ള ദൈവത്തിന്റെ ശക്തിയാണ്. സുവിശേഷം സത്യവും അത് അനുസരിക്കുന്നവർക്ക് ദൈവം നിത്യജീവൻ നൽകുക തന്നെ ചെയ്യും (റോമർ 1:16). നാം ക്രിസ്തുവിനെ കുറിച്ചു പ്രസംഗിക്കുമ്പോൾ സുവിശേഷമാണ് പ്രസംഗിക്കുന്നത്. നാം ദൈവരാജ്യത്തെ കുറിച്ച് പ്രസംഗിക്കുമ്പോൾ, സുവിശേഷം ആണ് പ്രസംഗിക്കുന്നത്. കാരണം വചനം, സുവിശേഷം, ക്രിസ്തു, ദൈവരാജ്യം എന്നിവയെല്ലാം അന്യോന്യം ബന്ധപ്പെട്ടാണ് ഇരിക്കുന്നത്. ദൈവവചനം പ്രസംഗിക്കുന്നതിന്റെ പ്രാധാന്യമാണ് നാം ഈ ലേഖനത്തിൽ നോക്കുവാൻ പോകുന്നത്. ആളുകൾക്ക് ഭൗതിക പ്രതലത്തിൽനിന്ന് ആത്മിക പ്രതലത്തിലേക്ക് മാറുവാൻ കഴിയുന്നത് വചനത്താലാണ്. വചനമാണ് മനുഷ്യരെ ആത്മികമായി ജീവിപ്പിക്കുന്നത്. കാരണം മനുഷ്യരെല്ലാവരും പാപം ചെയ്ത് ദൈവതേജസ് ഇല്ലാത്തവരായി (റോമർ 3:23). ആത്മികമായി നമ്മെ ജനിപ്പിച്ചില്ല എങ്കിൽ നമുക്ക് ജനിക്കുവാൻ കഴിയുകയില്ല. ദൈവ വചനത്താലാണ് നാം വീണ്ടും ജനിക്കുന്നത്.

“നിങ്ങൾക്ക് ക്രിസ്തുവിൽ പതിനായിരം ഗുരുക്കന്മാർ ഉണ്ടെങ്കിലും പിതാക്കന്മാർ ഏറെയില്ല. ക്രിസ്തുയേശുവിൽ ഞാനല്ലോ നിങ്ങളെ സുവിശേഷത്താൽ ജനിപ്പിച്ചത്”(1 കൊരിന്ത്യർ 4:15). “അവന്റെ സൃഷ്ടികളിൽ ഒരുവിധം ആദ്യഫലമാകേണ്ടതിന്ന് അവൻ തന്റെ ഇഷ്ടം ഹേതുവായി സത്യത്തിന്റെ വചനത്താൽ നമ്മെ ജനിപ്പിച്ചിരിക്കുന്നു” (യാക്കോബ് 1:18). പത്രൊസ് പറഞ്ഞിരിക്കുന്നത് ശ്രദ്ധിക്കുക, “കെടുന്ന ബീജത്താലല്ല, കെടാത്തതിനാൽ ജീവനുള്ളതും നിലനിൽക്കുന്നതുമായ ദൈവ വചനത്താൽ തന്നെ, നിങ്ങൾ വീണ്ടും ജനിച്ചിരിക്കുന്നു” (1 പത്രൊസ് 1:23). ആത്മിയമായ ജനനം സംഭവിക്കുന്നത് സത്യവചനത്താലായതുകൊണ്ട് വചനം പ്രസംഗിക്കേണ്ടതിന്റെ ആവശ്യകത ഇപ്പോൾ മനസിലായി കാണുമല്ലോ. ഇനി അപ്പൊസ്തലനായ പൗലൊസ് പറയുന്നത്, “ഞാൻ സുവിശേഷം അറിയിക്കുന്നു എങ്കിൽ എനിക്ക് പ്രശംസിപ്പാൻ ഒന്നുമില്ല. നിർബന്ധം എന്റെ മേൽ കിടക്കുന്നു. ഞാൻ സുവിശേഷം അറിയിക്കുന്നില്ല എങ്കിൽ എനിക്ക് അയ്യോ കഷ്ടം” (1 കൊരിന്ത്യർ 9:16).

സുവിശേഷം പ്രസംഗിക്കുവാനുള്ള മറ്റൊരു കാരണം, അങ്ങനെയാണ് ആളുകളിൽ വിശ്വാസം ജനിക്കുന്നത്. ആരും പ്രസംഗിച്ചില്ലെങ്കിൽ ആളുകൾ എങ്ങനെ വചനം കേൾക്കും? ആരും കേട്ടില്ലെങ്കിൽ എങ്ങനെ ആളുകൾ വിശ്വസിക്കും? കാരണം വിശ്വാസം കേൾവിയാലും  കേൾവി ക്രിസ്തുവിന്റെ വചനത്താലുമാണ് വരുന്നത് (റോമർ 10:17). വചനത്തിന്റെ പ്രാധാന്യത്തെ കുറിച്ചു സങ്കീർത്തനക്കാരൻ പറയുന്നത് നോക്കുക, “യഹോവയുടെ ന്യായപ്രമാണം തികവുള്ളത് അത് പ്രാണനെ തണുപ്പിക്കുന്നു; യഹോവയുടെ സാക്ഷ്യം വിശ്വാസയോഗ്യമാകുന്നു; അത് അൽപബുദ്ധിയെ ജ്ഞാനിയാക്കുന്നു” (സങ്കീർത്തനങ്ങൾ 19:7). മാനുഷിക ഉപദേശങ്ങളല്ല ഏതൊരു മനുഷ്യനും ആവശ്യം മറിച്ച് ദൈവത്തിന്റെ ജീവിപ്പിക്കുന്ന വചനമാണ്. “നിന്റെ വചനം എന്റെ കാലിന്നു ദീപവും എന്റെ പാതക്ക് പ്രകാശവും ആകുന്നു” (സങ്കീർത്തനങ്ങൾ 119:105). നമ്മുടെ അയൽക്കാരും സ്നേഹിതരും ജീവിച്ചിരിക്കുമ്പോൾ അവരോട് സുവിശേഷം അറിയിക്കുക. പിന്നെ അവസരം ലഭിക്കണമെന്നില്ല.

✶

*Watch!*

# SATHYANADAM

## TV PROGRAME

**TRUE GOSPEL MESSAGE**

**Speaker:**

**Bro.P.K. VARGHESE**

Saturday **6 am to 6.30 am**

**On JAI HIND CHANNEL**

കേൾക്കുക!

# സത്യനാദം

ബ്രദർ.പി.കെ

വർഗ്ഗീസ്

പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും

രാവിലെ 6 മണിക്ക്

ജയ്ഹിന്ദ് ടിവിയിൽ

കേൾക്കുക!